ഒക്ടോബർ 2021

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ






**കൈ**വിരലുകൾക്കിടയിലൂടെ ഊർന്നിറങ്ങുന്ന ജപമണികളിലൂടെ രക്ഷാകര രഹസ്യം ധ്യാനിച്ച മറിയത്തോടൊപ്പം സഭാമക്കൾ ദൈവസന്നിധിയണയുന്ന മാസം, ഒക്ടോബർ. ജപമണികളിൽ തെളിയുന്ന രക്ഷാകര രഹസ്യം. "ഇതാ കർത്താവിന്റെ ദാസി" എന്ന വാക്ക് ജീവിതാവസാനം വരെ പാലിച്ച ദൈവമാതാവിന്റെ മാദ്ധ്യസ്ഥ്യം മക്കൾക്ക് തുണയാകുന്ന പുണ്യമാസമാണിത്. വെറും ഒരു ആചരണത്തിനപ്പുറത്ത് ജീവിതങ്ങളെ ദൈവഹിതത്തിനായി വിട്ടുകൊടുക്കുവാൻ പരിശുദ്ധ അമ്മ നമ്മെ ഒരുക്കുന്നു. കാരണം അവൾക്ക് പറയാൻ ഒന്നേയുള്ളൂ. "അവൻ പറയുന്നതുപോലെ ചെയ്യുക." അവൾക്ക് വിളിച്ചോതാൻ തന്റെ ഉത്കൃഷ്ടതയൊന്നുമില്ല. അവളെ ഉയർത്തിയ, ദാസിയുടെ താഴ്മയെ കടാക്ഷിച്ച, അത്യുന്നതന്റെ കൃപയല്ലാതെ! തലമുറകൾ അവളെ പ്രകീർത്തിക്കുന്നതിന്റെ പിന്നിലെ കാരണം അവൾ വചനം പാലിച്ചു എന്നതുതന്നെയാണ്. എന്റെ പിതാവിന്റെ ഹിതം നിറവേറ്റുന്നവരാണ് എന്റെ അമ്മയും സഹോദരനും സഹോദരിയുമെന്നുള്ളത് അവൾക്കുള്ള വാഴ്ത്തല്ലാതെ പിന്നെയെന്താണ്? അവളുടെ ജീവിതം മുഴുവൻ പിതാവിന്റെ ഹിതം നിറവേറ്റാനായിരുന്നല്ലോ. മക്കൾക്കു വേണ്ടി ഉറങ്ങാതെ കാത്തിരിക്കുന്നവളുടെ പേരാണല്ലോ അമ്മ എന്നത്. വഴിക്കണ്ണുമായി കാത്തിരിക്കുന്നുണ്ട് ഈ അമ്മയും. ജപമണികളിലൂടെ സ്വർഗ്ഗത്തിലേക്ക് കയറുന്ന മക്കളെ കാത്ത്. ഊർന്നിറങ്ങുന്ന ജപമണികൾ നമ്മെ വചനപാലകരാക്കി മാറ്റട്ടെ! ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങൾ നമ്മെ വലയം ചെയ്ത് മുന്നോട്ടുള്ള വഴി ഇരുളടഞ്ഞതായി മാറുമ്പോൾ ഈ അമ്മ നമുക്ക് തുണയായുണ്ട്. ദൈവപുത്രനെ പ്രസവിക്കാൻ ഇടം കിട്ടാതെ സത്രത്തിന്റെ വാതിൽ പോലും കൊട്ടിയടക്കപ്പെട്ട ഇരുണ്ട രാത്രിയിൽ പതറാതെ, "ഇതാ കർത്താവിന്റെ ദാസി" എന്ന് മൗനമായി മന്ത്രിച്ചവൾ നമ്മോടുകൂടെയുണ്ട്. ഈ ജപമാല മാസം ദൈവാനുഭവത്തിന്റെ, വചനാനുഭവത്തിന്റെ ദിനങ്ങളായി മാറട്ടെ. അങ്ങനെ ക്രിസ്തുവിന്റെ പ്രേഷിതരായി പ്രശോഭിക്കാൻ സാധിക്കട്ടെ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് മാളിയേക്കൽ**
ചീഫ് എഡിറ്റർ

ഒക്ടോബർ 2021

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ

രക്ഷാധികാരി
റൈറ്റ് റവ. ഡോ. ജോസഫ് കാരിക്കശ്ശേരി

ചീഫ് എഡിറ്റർ
ഫാ. ജോസഫ് മാളിയേക്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. ജോയ് സ്രാമ്പിക്കൽ

എഡിറ്റർ ഇൻ ചാർജ്ജ് & അഡ്വർട്ടൈസ്മെന്റ്
ഫാ. ആന്റണി ജോസഫ് ഇലഞ്ഞിക്കൽ

അസോസ്സിയേറ്റ് എഡിറ്റേഴ്സ്
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ഫാ. ലിജോ മാത്യൂസ് താണിപ്പിള്ളി

എക്സിക്യൂട്ടീവ് എഡിറ്റർ
ടൈറ്റസ് ഗോതുരുത്ത്

സർക്കുലേഷൻ മാനേജർ
ഫാ. അഗസ്റ്റിൻ നിമേഷ് കാട്ടാശ്ശേരി

പത്രാധിപസമിതി
സിപ്പി പള്ളിപ്പുറം
ജോസഫ് പനക്കൽ
ജോയ് ഗോതുരുത്ത്

ഡി.ടി.പി.
നിഷ സോജൻ

രൂപകല്പന
ഇമേജ് (കിഡ്സ്) കോട്ടപ്പുറം

എഡിറ്റർ
ദിദിമോസ്, വികാസ്
കോട്ടപ്പുറം - 680 667
ഫോൺ : 0480 2807678
didimoskottapuram@gmail.com

## താളുകളിൽ

പൈതൃകാമുഖം................................4

വി. യൗസേപ്പിതാവ്:
വി. ഗ്രന്ഥത്തിലും പാരമ്പര്യങ്ങളും............5

പരി. അമ്മയും ജപമാലയും...................9

e-കൊറോണയും
e-കാലവും കടന്നുപോകും ...................11

പിതാവിന്റെ ഇടയലേഖനം.....................12

വാർത്താജാലകം................................20

# പൈതൃകാമുഖം



റൈറ്റ് റവ.ഡോ.
**ജോസഫ് കാരിക്കശ്ശേരി**

ഒക്ടോബർ മാസം പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥ്യം യാചിച്ചുകൊണ്ട് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന പുണ്യം പൂക്കുന്ന കാലമാണ്. നമ്മുടെ രക്ഷയുടെ മഹത്തായ രഹസ്യങ്ങളെക്കുറിച്ച് ധ്യാനിക്കാൻ സഹായിക്കുക എന്നതാണ് ജപമാലയുടെ ലക്ഷ്യം. പീയൂസ് പന്ത്രണ്ടാമൻ പാപ്പ അതിനെ 'സുവിശേഷത്തിന്റെ സംഗ്രഹം' എന്നാണ് വിശേഷിപ്പിക്കുക. കാരണം പ്രധാന ശ്രദ്ധ യേശുവിലാണ്. അവിടുത്തെ ജനനം, ജീവിതം, മരണം, പുനരുദ്ധാനം എന്നീ ചരിത്രപരമായ ദൈവിക ഇടപെടലുകൾ ഇവിടെ ധ്യാനവിഷയമാകുന്നു. ഈ ചരിത്രസത്യങ്ങൾ ധ്യാനിക്കുവാൻ മറിയത്തോടൊപ്പം ചേരാൻ നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന നമ്മെ ഓർമ്മിപ്പിക്കുന്നു. ജപമാല പ്രാർത്ഥന വളരെ ലളിതമായതുകൊണ്ടുതന്നെ എല്ലാവരിലും ഒരുപോലെ ആകർഷണം ഉണ്ടാക്കുന്ന ഒരു പ്രാർത്ഥനയാണിത്. വാക്കുകളുടെ നിരന്തരമായ ആവർത്തനം ദൈവത്തിന്റെ രഹസ്യങ്ങളെക്കുറിച്ച്, അവിടുത്തെ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും രക്ഷയുടെയും വിവിധ മാനങ്ങളെക്കുറിച്ച് ചിന്തിക്കുവാനുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുവാൻ സഹായിക്കുന്നു.

ജീവിതത്തിന്റെ സന്തോഷത്തിലും ദുഃഖത്തിലും യേശുവും മറിയവും നമ്മോടൊപ്പമുണ്ടെന്ന് തിരുസഭ നമ്മെ ഓർമ്മപ്പെടുത്തുന്നു. ആന്തരികവും ബാഹ്യവുമായ പരീക്ഷണങ്ങൾക്കിടയിൽ ലോകം പ്രതിസന്ധിയിൽ ആകുമ്പോൾ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടി നിലവിളിക്കുന്നു. ഈ നിലവിളിക്കുള്ള പരിശുദ്ധ അമ്മയുടെ പ്രതികരണം എന്തായിരുന്നു? 13 -ാം നൂറ്റാണ്ടിൽ സെന്റ് ഡൊമിനിക് അദ്ദേഹത്തിന്റെ കാലത്തെ തീവ്രവാദങ്ങൾക്കും തീവ്രവാദികൾക്കുമെതിരെ പരിശുദ്ധ മറിയത്തിന്റെ സഹായം തേടി പ്രാർത്ഥിച്ചിരുന്നു. 1571 ൽ പന്റോയിലെ പ്രശസ്ത മുസ്ലിം യുദ്ധത്തിൽ പോപ്പ് സെന്റ് പയസ് അഞ്ചാമൻ പറഞ്ഞ ഉത്തരം ജപമാലയായിരുന്നു. 1858 ലൂർദ്ദിൽ സെന്റ് ബെർണാർഡിനുണ്ടായ അനുഭവം, 1917 ൽ ഫാത്തിമായിലെ അത്ഭുതം, 1973 ജപ്പാനിലെ അകിതയിൽ സീനിയർ സസാഗാവയ്ക്ക് നൽകിയ ഉത്തരം ഇങ്ങനെയുള്ള ഓരോ അസാധാരണ സംഭവങ്ങളിലും തിരുസഭയോടുള്ള പരിശുദ്ധ മറിയത്തിന്റെ ഉത്തരം ജപമാല ചൊല്ലി പ്രാർത്ഥിക്കുക എന്നതായിരുന്നു.

ഇന്നിന്റെ ഈ കാലഘട്ടത്തിലും പരിശുദ്ധ അമ്മയോട് ചേർന്ന് ലോകം മുഴുവനും വേണ്ടി പ്രാർത്ഥനയുടെ കരം ഉയർത്താം. അങ്ങനെ യേശുവിന്റെയും മറിയത്തിന്റെയും മഹത്വത്തിൽ എന്നെന്നേയ്ക്കുമായി പങ്കുചേരാൻ ഇടയാകുംവരെ നമ്മുടെ ആയുധമായി, കവചമായി ജപമാല നമ്മുടെ അനുദിന ജീവിതത്തിൽ എന്നും ഉണ്ടാകട്ടെ.

രതീഷ് ഭജനമഠം, ആലപ്പുഴ



*തുടർച്ച:*

# വി. യൗസേപ്പിതാവ്: വി. ഗ്രന്ഥത്തിലും പാരമ്പര്യങ്ങളിലും

**കി**ഴക്ക് യേശുവിന്റെ നക്ഷത്രം കണ്ട് ലോക രക്ഷകനെ ആരാധിക്കാനായി പൗരസ്ത്യ ദേശത്തു നിന്ന് മൂന്നു ജ്ഞാനികൾ യൂദയായിലേക്കു പുറപ്പെട്ട് ഹേറോദേസിന്റെ കൊട്ടാരത്തിൽ എത്തി. രാജാവിനോട് അവർ ഇപ്രകാരം ചോദിച്ചു : "എവിടെയാണ് യഹൂദരുടെ രാജാവായി ജനിച്ചവൻ? ഞങ്ങൾ കിഴക്ക് നക്ഷത്രം കണ്ട് അവനെ ആരാധിക്കുവാൻ വന്നിരിക്കുകയാണ്." (മത്താ 2 : 2). ഈ വാർത്ത കേട്ട് ഹേറോദേസും ജറുസലേം മുഴുവനും ഭയപ്പെട്ടു അസ്വസ്ഥരായി. ഉടൻ രാജാവ് പ്രധാന പുരോഹിതരെയും വേദജ്ഞരെയും വിളിപ്പിച്ചു, ക്രിസ്തു എവിടെയാണ് ജനിക്കുന്നതെന്ന് അന്വേഷിച്ചു. പഴയ പ്രവചനങ്ങൾ അനുസരിച്ച് ക്രിസ്തു ജനിക്കുന്നത് ബെത്‌ലഹേമിൽ ആയിരിക്കും എന്ന് അവർ അറിയിച്ചു. ജ്ഞാനികളെ രഹസ്യമായി വിളിച്ച് നക്ഷത്രം പ്രത്യക്ഷപ്പെട്ട സമയം അന്വേഷിച്ച ഹേറോദേസ് അവരെ ബെത്‌ലഹേമിലേക്ക് അയച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "നിങ്ങൾ പോയി ശുഷ്കാന്തിയോടെ ശിശുവിനെ അന്വേഷിക്കുക; ശിശുവിനെ കണ്ടെത്തിയാൽ നിങ്ങൾ വിവരം എന്നെയും അറിയിക്കണം. എനിക്കും വന്ന് ശിശുവിനെ ആരാധിക്കാമല്ലോ" (മത്താ 2 : 8). തുടർന്ന് ജ്ഞാനികൾ ദൈവപുത്രനെ തേടി പുറപ്പെട്ടു. കിഴക്ക് കണ്ട നക്ഷത്രം അവർക്കു മുമ്പേ പുറപ്പെട്ടു. ദിവ്യശിശു കിടക്കുന്ന സ്ഥലത്തിന് മുകളിൽ വന്ന് ആ നക്ഷത്രം നിന്നു. അത് ജ്ഞാനികളെ ഏറെ ആനന്ദഭരിതരാക്കി. ഭവനത്തിൽ പ്രവേശിച്ച് അവർ മറിയത്തോടൊപ്പം ഉണ്ടായിരുന്ന ഉണ്ണീശോയെ കണ്ട് സാഷ്ടാംഗം വീണു ആരാധിച്ചു. അവർ കൊണ്ടുവന്ന പൊന്നും കുന്തിരിക്കവും മീറയും ദൈവപുത്രന് കാഴ്ചവച്ചു. ഹേറോദേസിന്റെ പക്കലേക്ക് തിരിച്ചു പോകരുത് എന്ന് സ്വപ്നത്തിൽ മുന്നറിയിപ്പു ലഭിച്ച ജ്ഞാനികൾ വേറൊരു വഴിയിലൂടെ നാട്ടിലേക്ക് തിരിച്ചുപോയി. ജ്ഞാനികൾ തിരിച്ചു വരാതെ തന്നെ കബളിപ്പിച്ചു എന്നു മനസ്സിലാക്കിയ ക്രൂരനായ ഹേറോദേസ് ഏറെ അസ്വസ്ഥനും രോഷാകുലനുമായി മാറി. ബെത്‌ലഹേമിലേയും സമീപ പ്രദേശങ്ങളിലേയും രണ്ടും അതിൽ താഴെയും വയസ്സുള്ള എല്ലാ ആൺകുട്ടികളെയും വധിക്കുവാനുള്ള കല്പന

പുറപ്പെടുവിച്ചു. യൂദയായിൽ താനല്ലാതെ വേറൊരു രാജാവ് എന്ന കാര്യം ദുഷ്ടനായ ഹേറോദേസിന് ചിന്തിക്കുവാൻ പോലും സാധിക്കാത്ത കാര്യമായിരുന്നു. തനിക്ക് ഭീഷണിയായി സ്വന്തം മക്കൾ വന്നാൽ പോലും അവരെയും ഇല്ലാതാക്കുവാൻ മടിക്കാത്ത ഹേറോദേസ് ബെത്‌ലഹേമിൽ പിറന്ന യഹൂദരുടെ രാജാവ് തനിക്ക് ഭീഷണിയാകുമെന്ന് ഭയപ്പെട്ടാണ് പിഞ്ചു കുഞ്ഞുങ്ങളെ വധിക്കാൻ കല്പന പുറപ്പെടുവിച്ചത്. യേശുവിനായി ആദ്യം രക്തം ചിന്തിയ ആ കുഞ്ഞുമക്കളുടെ ഓർമ്മയ്ക്കായ് 'ചാപ്പൽ ഓഫ് ഇന്നസെന്റ്' എന്ന ദേവാലയം വിശുദ്ധ നാട്ടിലുണ്ട്. അവർ (ജ്ഞാനികൾ) പോയിക്കഴിഞ്ഞ് കർത്താവിന്റെ മാലാഖ സ്വപ്നത്തിൽ ജോസഫിനു പ്രത്യക്ഷപ്പെട്ട് പറഞ്ഞു : "എഴുന്നേൽക്കുക; ശിശുവിനെയും അമ്മയെയും കൂട്ടിക്കൊണ്ട് ഈജിപ്തിലേക്ക് ഓടിപ്പോവുക. ഞാൻ പറയുംവരെ അവിടെ താമസിക്കണം. കാരണം, ഈ ശിശുവിനെ നശിപ്പിക്കാൻ ഹേറോദേസ് ഉടനെ അന്വേഷണം ആരംഭിക്കും." ജോസഫ് എഴുന്നേറ്റ് ആ രാത്രിയിൽ തന്നെ ശിശുവിനെയും അമ്മയേയും കൊണ്ട് ഈജിപ്തിലേക്കു യാത്ര തിരിച്ചു. ഹേറോദേസിന്റെ മരണം വരെ അവിടെ താമസിക്കുകയും ചെയ്തു. "ഈജിപ്തിൽ നിന്നു ഞാൻ എന്റെ പുത്രനെ വിളിച്ചു" എന്നു പ്രവാചകനിലൂടെ കർത്താവ് അരുളിചെയ്തതു നിറവേറാനായിരുന്നു ഇത്." ഇതായിരുന്നു യൗസേപ്പിനു ലഭിച്ച ദൈവദൂതന്റെ രണ്ടാമത്തെ ദർശനം. യൗസേപ്പിന് മാലാഖയുടെ ദർശനം ലഭിച്ച സ്ഥലത്ത് ഒരു ദൈവാലയം നിർമ്മിച്ചിട്ടുണ്ട്.

ഉറക്കത്തിൽ നിന്ന് ഉണർന്ന യൗസേപ്പ് മറിയത്തോട് മാലാഖയുടെ ദർശനത്തിൽ നിന്ന് ലഭിച്ച വിവരങ്ങൾ അറിയിച്ചു. ഉണ്ണീശോയുടെ ജീവൻ അപകടത്തിലാകുമെന്ന് ഭയപ്പെട്ട മറിയവും യൗസേപ്പും ഉടനെതന്നെ ആ രാത്രിയിൽ ഒരു കഴുതപ്പുറത്ത് അമ്മയേയും മടിയിൽ കുഞ്ഞിനെയും ഇരുത്തി ഈജിപ്തിലേക്കു പുറപ്പെട്ടു. ഈജിപ്തിൽ തിരുകുടുംബം വസിച്ചിരുന്ന സ്ഥലത്ത് പരിശുദ്ധ മറിയത്തിന്റെ നാമത്തിൽ കോപ്റ്റിക് സഭയുടെ ഒരു ദൈവാലയമുണ്ട്. യൗസേപ്പിനു ലഭിച്ച മൂന്നാമത്തെ ദർശനത്തെക്കുറിച്ച് മത്തായിയുടെ സുവിശേഷം 2 : 19 - 22 ൽ ഇപ്രകാരം എഴുതിയിട്ടുണ്ട്. "എന്നാൽ ഹേറോദേസ് മരിച്ചശേഷം കർത്താവിന്റെ മാലാഖ, ഈജിപ്തിൽ ജോസഫിനു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് അറിയിച്ചു : "എഴുന്നേൽക്കുക, ശിശുവിനെയും അമ്മയേയും കൂട്ടിക്കൊണ്ട്, ഇസ്രായേൽ ദേശത്തേക്കു മടങ്ങുക; ശിശുവിനെ കൊല്ലാൻ ആഗ്രഹിച്ചിരുന്നവർ മരിച്ചു കഴിഞ്ഞു". അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയേയും കൂട്ടിക്കൊണ്ട് ഇസ്രായേൽ ദേശത്തേക്ക് പോയി. പക്ഷേ, യൂദായിൽ അർക്കലാവോസ്, അയാളുടെ പിതാവായ ഹേറോദേസിന്റെ സ്ഥാനത്തു ഭരണം ഏറ്റിരിക്കുന്നു എന്നു കേട്ട്, ജോസഫ് അങ്ങോട്ടു പോകാൻ ഭയപ്പെട്ടു. വീണ്ടും സ്വപ്നത്തിൽ കിട്ടിയ നിർദ്ദേശം അനുസരിച്ച് ഗലീലി പ്രദേശത്തേക്ക് അയാൾ പോയി; അവിടെ എത്തി നസ്രത്ത് എന്ന നഗരത്തിൽ പാർത്തു. 'അവൻ (യേശു) 'നസ്രായൻ' എന്നു വിളിക്കപ്പെടും' എന്ന പ്രവചനം നിറവേറാനായിരുന്നു അത്." ലൂക്ക 2 : 39 - 40 ൽ ഇപ്രകാരം എഴുതിയിട്ടുണ്ട് : "കർത്താവിന്റെ നിയമം അനുസരിച്ച് വേണ്ടതെല്ലാം ചെയ്തു കഴിഞ്ഞപ്പോൾ അവർ ഗലീലിയിൽ, തങ്ങളുടെ നഗരമായ നസ്രത്തിലേക്കു മടങ്ങി. ശിശു വളർന്നു. ശക്തനായി. കൃപ, ജ്ഞാനം കൊണ്ടു നിറഞ്ഞു; ദൈവത്തിന്റെ പ്രസാദം അവനിൽ ഉണ്ടായിരുന്നു." തുടർന്ന് ലൂക്കായുടെ സുവിശേഷം 2 : 41 : 52 ഭാഗങ്ങളിൽ കാണാതായ ബാലനായ യേശുവിനെ ജറുസലെം ദേവാലയത്തിൽ വച്ച് മൂന്നാം ദിവസം കണ്ടെത്തിയതിനെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്."അവന്റെ മാതാപിതാക്കൾ ആണ്ടുതോറും പെസഹാത്തിരുനാളിനു ജറുസലേമിലേക്കു പോകാറുണ്ടായിരുന്നു. അവനു പന്ത്രണ്ടു വയസ്സുള്ളപ്പോൾ അവർ പതിവനുസരിച്ച് അവിടെ പോയി. തിരുനാൾ കഴിഞ്ഞ് അവർ മടങ്ങിയപ്പോൾ, ബാലനായ യേശു ജറുസലേമിൽ തങ്ങി. അവന്റെ മാതാപിതാക്കൾ ഇത് അറിഞ്ഞില്ല. അവൻ കൂട്ടത്തിൽ തന്നെ കാണുമെന്നു കരുതി അവർ ഒരു ദിവസത്തെ യാത്ര പോന്നു. അവർ അവനെ ചാർച്ചക്കാരുടെയും പരിചയക്കാരുടെയും ഇടയിൽ അന്വേഷിച്ചു. അവനെ കാണാഞ്ഞപ്പോൾ, അവർ അവനെ അന്വേഷിച്ചു ജറുസലേമിലേക്കു മടങ്ങി. മൂന്നു ദിവസത്തിനു ശേഷം അവർ അവനെ ദേവാലയത്തിൽ കണ്ടെത്തി. അവൻ ഗുരുക്കന്മാരുടെ ഇടയിലിരുന്ന് അവരുടെ വാക്കുകൾ കേൾക്കുകയും അവരോട് ചോദ്യങ്ങൾ ചോദിക്കുകയും ആയിരുന്നു. അവന്റെ വാക്കുകൾ കേട്ടവരെല്ലാം അവന്റെ ബുദ്ധിശക്തിയിലും മറുപടിക

ളിലും ആശ്ചര്യപ്പെട്ടു. അവനെ കണ്ടപ്പോൾ മാതാപിതാക്കൾ വിസ്മയിച്ചു. അമ്മ അവനോടു ചോദിച്ചു : "മകനേ, ഞങ്ങളോട് ഇങ്ങനെ പെരുമാറിയത് എന്ത്? നോക്കൂ, നിന്റെ പിതാവും ഞാനും നിന്നെ വേവലാതിയോടെ അന്വേഷിക്കുകയായിരുന്നു." അവൻ അവരോടു ചോദിച്ചു : "നിങ്ങൾ എന്നെ അന്വേഷിച്ചത് എന്തിന്? ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ആയിരിക്കണമെന്ന കാര്യം നിങ്ങൾ അറിഞ്ഞിട്ടില്ലേ?" അവൻ അവരോടു പറഞ്ഞതിന്റെ അർത്ഥം അവർക്കു മനസ്സിലായില്ല. പിന്നെ അവൻ അവരുടെ കൂടെ യാത്രതിരിച്ചു. നസ്രത്തിൽ എത്തി, അവർക്കു കീഴ്‌വഴങ്ങി കഴിഞ്ഞു. അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം സ്വഹൃദയത്തിൽ സൂക്ഷിച്ചു. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രസാദത്തിലും വളർന്നു." ബാലനായ യേശുവിന്റെ വേദപുസ്തകത്തെയും പാരമ്പര്യങ്ങളെയും നിയമങ്ങളെയും പ്രമാണങ്ങളെയും കുറിച്ചുള്ള ആഴമായ അറിവ് മനസ്സിലാക്കിയ ദേവാലയത്തിലെ പണ്ഡിതന്മാർ യൗസേപ്പിനെ ഏറെ അഭിനന്ദിച്ചു. തുടർന്ന് സുവിശേഷങ്ങളിൽ യൗസേപ്പിനെക്കുറിച്ചുള്ള പരാമർശങ്ങൾ കുറവാണ്. യേശുവിന്റെ പരസ്യജീവിതത്തിനു മുമ്പ് മറിയത്തിന്റെയും ദിവ്യരക്ഷകന്റെയും സാന്നിദ്ധ്യത്തിൽ യൗസേപ്പിതാവ് നന്മരണം പ്രാപിച്ചു എന്നാണ് പരമ്പരാഗതമായ വിശ്വാസം.

സ്നാപക യോഹന്നാനിൽ നിന്ന് ജോർദ്ദാൻ നദിയിൽ വച്ച് സ്നാനം സ്വീകരിച്ച ശേഷം ദിവ്യരക്ഷകനായ യേശുക്രിസ്തു പരസ്യ പ്രബോധനം ആരംഭിച്ചതോടെ സിനഗോഗിൽ പഠിപ്പിച്ചു. ഒരു സാബത്ത് ദിവസം നസ്രത്തിലെ സിനഗോഗിൽ പോയ യേശു ഏശയ്യായുടെ പ്രവചനം വായിച്ച ശേഷം ഇപ്രകാരം പറഞ്ഞു : "ഇന്ന് ഈ വിശുദ്ധ ലിഖിതം നിങ്ങൾ കേൾക്കെ തന്നെ നിറവേറിയിരിക്കുന്നു." എല്ലാവരും അവനെക്കുറിച്ചു മതിപ്പു പ്രകടിപ്പിച്ചു. അവന്റെ വായിൽ നിന്നു പുറപ്പെട്ട ഹൃദ്യമായ വചനങ്ങളിൽ അവർ അത്ഭുതപ്പെട്ടു. അവർ ചോദിച്ചു : "ഇവൻ ജോസഫിന്റെ പുത്രനല്ലേ?" (ലൂക്ക 4 : 21 - 22). മത്തായി 13 : 53 - 56 ൽ ഇപ്രകാരം എഴുതിയിട്ടുണ്ട് : "ഈ ഉപമകൾ പറഞ്ഞവസാനിപ്പിച്ച ശേഷം യേശു അവിടെ നിന്നു പോയി, സ്വദേശത്തു വന്ന് അവരുടെ സിനഗോഗിൽ വച്ച് അവൻ അവരെ പഠിപ്പിച്ചു. അവർ അത്ഭുതപ്പെട്ട് പറഞ്ഞു : "ഈ മനുഷ്യന് ഈ ജ്ഞാനവും മഹാശക്തിയും എവിടെ നിന്നു ലഭിച്ചു? ഇവൻ ആ തച്ചന്റെ മകനല്ലേ? ഇവന്റെ അമ്മ മറിയം അല്ലേ? യാക്കോബും ജോസഫും ശിമയോനും യൂദായും അല്ലേ ഇവന്റെ സഹോദരർ? ഇവന്റെ എല്ലാ സഹോദരിമാരെല്ലാം നമ്മോടൊപ്പമില്ലേ? പിന്നെ ഇതെല്ലാം എവിടെനിന്നാണ് ഇയാൾക്കു കിട്ടിയത്?" യോഹന്നാൻ 6 : 41 - 42 ൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു : "ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പമാണ്" എന്ന് അവൻ (യേശു) പറഞ്ഞതുകൊണ്ട് യഹൂദർ അവനെതിരായി പിറുപിറുത്തു. അവർ ചോദിച്ചു : "ഇവൻ യേശുവല്ലേ, ജോസഫിന്റെ പുത്രൻ? ഇവന്റെ അപ്പനെയും അമ്മയെയും നമുക്കറിഞ്ഞുകൂടെ? പിന്നെയെങ്ങനെയാണ് "ഞാൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയവനാണ്" എന്ന് ഇവൻ ഇപ്പോൾ പറയുന്നത്." തുടങ്ങിയ സുവിശേഷ ഭാഗങ്ങൾ രക്ഷകന്റെ വളർത്തു പിതാവായ വി. യൗസേപ്പിനെക്കുറിച്ചുള്ള പരാമർശങ്ങളാണ്. യൗസേപ്പിന്റെ ജ്യേഷ്ഠ സഹോദരന്റെ മക്കളെയാണ് ആ നാട്ടുകാർ യേശുവിന്റെ സഹോദരങ്ങൾ എന്നു വിളിച്ചിരുന്നത്. യൗസേപ്പിന്റെ വംശാവലി, മറിയവുമായുള്ള യൗസേപ്പിന്റെ വിവാഹം, മറിയത്തെക്കുറിച്ചുള്ള സംശയങ്ങൾ, ജനസംഖ്യ കണക്കെടുപ്പ് പ്രഖ്യാപിച്ചപ്പോൾ ഗർഭിണിയായ മറിയവുമായുള്ള യാത്ര, രക്ഷകന്റെ ജനനം, യേശുവിന്റെ നാമകരണവും ദേവാലയത്തിലെ സമർപ്പണവും, യൗസേപ്പിനു ലഭിച്ച ദൈവദൂതന്റെ ദർശനങ്ങൾ, ഈജിപ്തിലേക്കുള്ള പലായനവും നസ്രത്തിലേക്കുള്ള മടക്കയാത്രയും, ബാലനായ യേശുവിനെ മൂന്നാം ദിവസം ദേവാലയത്തിൽ കണ്ടെത്തുന്നത്- തുടങ്ങിയവയാണ് വി. ഗ്രന്ഥത്തിൽ വി. യൗസേപ്പിനെ സംബന്ധിക്കുന്ന ഭാഗങ്ങൾ. സുവിശേഷത്തിലെ സാക്ഷ്യങ്ങൾ അനുസരിച്ച് വിശുദ്ധി നിറഞ്ഞ പുണ്യചരിതനായിരുന്നു യൗസേപ്പിതാവ്. തന്റെ പുത്രന്റെ വളർത്തുപിതാവും പാലകനും എന്ന സമുന്നത സ്ഥാനമാണ് സർവ്വശക്തൻ യൗസേപ്പിനു നൽകിയത്.

സർവ്വശക്തനായ ദൈവത്താൽ നിയോഗിക്കപ്പെട്ട ദിവ്യരക്ഷകന്റെ വളർത്തു പിതാവും സംരക്ഷകനും, പരിശുദ്ധ കന്യകാമറിയത്തിന്റെ വിരക്തനായ ഭർത്താവ്, ദൈവഹിതത്തിന് എപ്പോഴും കാതോർത്ത

വൻ എന്നീ മൂന്നു കാര്യങ്ങളാണ് തിരുവചന അടിസ്ഥാനത്തിൽ വി. യൗസേപ്പിനെ ആദരിക്കാനും ബഹുമാനിക്കാനും വണങ്ങാനും മാദ്ധ്യസ്ഥം യാചിക്കാനുമുള്ള പ്രധാന കാരണങ്ങൾ. രക്ഷാകര ചരിത്രത്തിൽ മറിയത്തിന്റെ കൂടെ മുഖ്യ പങ്കുവഹിച്ച യൗസേപ്പാണ് പരിത്രാണ കർമ്മത്തെ മാനുഷിക പ്രയത്നത്തോടൊപ്പം ചേർത്തു നിർത്തിയത്. പ്രതിസന്ധികളുടെയും പരാധീനതകളുടെയും ബുദ്ധിമുട്ടിന്റെയും പ്രതിബന്ധങ്ങളുടെയും ഇടയിലും പതറാതെ വിശ്വസ്തതയോടെ ഉണ്ണീശോയെയും മറിയത്തെയും കാത്തുസംരക്ഷിക്കാനും വളർത്താനുമുള്ള ഏറ്റവും മഹത്വപൂർണ്ണമായ ഉത്തരവാദിത്വമാണ് സ്വർഗ്ഗത്തിൽ നിന്ന് യൗസേപ്പിനെ ഏൽപ്പിച്ചത്. ക്രൂരനായ ഹെറോദേസിന്റെ വാളിൽ നിന്നും ക്രൂരതകളിൽ നിന്നും ദിവ്യരക്ഷകനെ യൗസേപ്പ് കാത്തുരക്ഷിച്ചു. ഒരാൾക്ക് പേരിടുന്നത് അധികാരത്തെയാണ് സൂചിപ്പിക്കുന്നത്. ദൈവപുത്രന് 'യേശു' എന്ന പേരു നൽകുന്നതും പരിച്ഛേദന കർമ്മവും ദൈവാലയത്തിൽ കാഴ്ചവയ്ക്കുന്നതും, യൗസേപ്പാണ് യേശുവിന്റെ ഭൗമിക പിതാവ് എന്നതിനുള്ള സാക്ഷ്യങ്ങളാണ്. യേശുവിനെ മരണകരമായ പല അപകടങ്ങളിൽ നിന്നും കാത്തു സംരക്ഷിച്ച വി. യൗസേപ്പ് ദിവ്യരക്ഷകന്റെ മൗതിക ശരീരമായ തിരുസഭയെയും കാത്തുപാലിക്കുന്നു. തിരുസഭ സംരക്ഷകനായ വി. യൗസേപ്പ് തന്റെ ഭക്തരെ എല്ലാ ആപത്തുകളിൽ നിന്നും പ്രത്യേകിച്ച് നിത്യനാശത്തിൽ നിന്നും കാത്തു രക്ഷിക്കുന്നു. സത്യസന്ധതയോടും വിശ്വസ്തതയോടുമുള്ള ഒരു സാധാരണ ജീവിതത്തിലൂടെ യേശുവിനെ അനുകരിക്കാൻ സാധിക്കും എന്നാണ് വി. യൗസേപ്പിന്റെ പുണ്യജീവിതം നമുക്ക് കാണിച്ചു തരുന്നത്.

രക്ഷകന്റെ വളർത്തുപിതാവ് എന്ന നിലയിൽ ദൈവപിതാവിന്റെ സ്ഥാനവും കന്യകാമറിയത്തിന്റെ വിരക്ത ഭർത്താവ് എന്ന നിലയിൽ പരിശുദ്ധാത്മാവിന്റെ മഹനീയ പദവും യൗസേപ്പ് അലങ്കരിക്കുന്നുണ്ട്. ഈ ഉന്നത ദൗത്യങ്ങളിലേക്ക് ഉയർത്തപ്പെട്ട യൗസേപ്പിനെ സർവ്വശക്തൻ അതിനുവേണ്ട എല്ലാവിധ സ്വർഗ്ഗീയ ദാനങ്ങളാലും സമ്പന്നനാക്കിയിരുന്നു. യേശുവിന്റെ വളർത്തുപിതാവ് എന്ന ഉന്നതസ്ഥാനം മാത്രം യൗസേപ്പിനെ മറ്റു വിശുദ്ധരേക്കാളും മാലാഖമാരേക്കാളും ഉന്നതനാക്കി മാറ്റുന്നു. വചനം മാംസമായി മാറിയ രക്ഷകനോട് മറിയം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ അടുത്ത വ്യക്തിപരമായ ബന്ധമുണ്ടായിരുന്നത് യൗസേപ്പിനാണ്. യേശുവിന്റെ കൂടെയും യേശുവിനു വേണ്ടിയുമാണ് യൗസേപ്പ് എല്ലാം പ്രവർത്തിച്ചതും സഹിച്ചതും. പരിശുദ്ധ മറിയത്തിനു ലഭിച്ച എല്ലാ സ്വർഗ്ഗീയ വരങ്ങളും ദാനങ്ങളും അനുഗ്രഹങ്ങളും പുണ്യങ്ങളും ഈ ശ്രേഷ്ഠപിതാവിനും ലഭിച്ചു. യേശുവിന്റെ ബാല്യ-കൗമാര-യൗവ്വന കാലത്തെല്ലാം യൗസേപ്പ് ഒരു മാതൃകാപിതാവിന്റെ സ്നേഹത്തോടും ശ്രദ്ധയോടും സംരക്ഷിക്കുകയും വളർത്തുകയും ഈശോയെ തൊഴിൽ അഭ്യസിപ്പിക്കുകയും ചെയ്തു എന്നത് സ്മരണീയമാണ്. രക്ഷാകര പദ്ധതിയിൽ യൗസേപ്പ് ഒരു തിരശ്ശീലയായിരുന്നു എന്നാണ് പാരിസ് സർവ്വകലാശാല ചാൻസലറായിരുന്ന ജേർസന്റെ അഭിപ്രായം. ഫ്രാൻസിസ് സ്വാരെസ് ഇപ്രകാരമാണ് എഴുതിയത് : "അപ്പസ്തോലന്മാരുടെ പ്രേഷിതവേലയാണ് സഭയിൽ നിലനിൽക്കുന്ന മൂല്യങ്ങളുടെ അടിസ്ഥാനം എന്നാണ് ഞാൻ കരുതുന്നത്."എന്നാൽ ഇതിനേക്കാൾ പൂർണ്ണവും ഉന്നതസ്ഥാനീയവുമാണ് യൗസേപ്പിന്റെ പ്രേഷിതത്വം എന്ന് അഭിപ്രായവ്യത്യാസം കൂടാതെ പറയാനാവും." വി. ജോൺപോൾ രണ്ടാമൻ 'രക്ഷകന്റെ പാലകൻ' എന്ന അപ്പസ്തോലിക ഉദ്ബോധനത്തിൽ ഇപ്രകാരം രേഖപ്പെടുത്തി : "മറിയത്തെ സ്നേഹപൂർവ്വം പരിചരിക്കുന്നതുപോലെയും ഈശോയെ വളർത്തുന്നതിന് തന്നെത്തന്നെ സന്തോഷപൂർവ്വം സമർപ്പിച്ചതുപോലെയും, വി. യൗസേപ്പ് ക്രിസ്തുവിന്റെ മൗതികശരീരമായ സഭയെ പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു." വിരക്തജീവിതം നയിച്ചതുവഴി സന്യസ്തർക്കും, വിവാഹജീവിതം നയിച്ചതുവഴി ദമ്പതികൾക്കും തിരുകുടുംബത്തിന്റെ നാഥൻ എന്ന നിലയിൽ എല്ലാ കുടുംബനാഥന്മാർക്കും, മാതൃക തൊഴിലാളി എന്ന നിലയിൽ എല്ലാ തൊഴിലാളികൾക്കും, യേശുവിന്റെയും മറിയത്തിന്റെയും സാന്നിദ്ധ്യത്തിൽ നന്മരണം പ്രാപിച്ചു എന്ന നിലയിൽ എല്ലാ മരണാസന്നരുടെയും സ്വർഗ്ഗീയ മദ്ധ്യസ്ഥനാണ് വി. യൗസേപ്പിതാവ്. ആഴമായ വിശുദ്ധിയിലും വിശ്വാസത്തിലും എളിമയിലും ദാരിദ്ര്യത്തിലും ജീവിച്ച വി. യൗസേപ്പിതാവിന്റെ ജീവിത മാതൃക സ്വീകരിച്ചുകൊണ്ട് ഉത്തമ സത്യവിശ്വാസികൾ ആകുവാൻ നമുക്ക് പരിശ്രമിക്കാം.



ഫാ. സിജോ വേലിക്കകത്തോട്ട്

# പരി. അമ്മയും ജപമാലയും

**കൈ**വിരലുകൾക്കിടയിലൂടെ ഊർന്നിറങ്ങുന്ന ജപമാല മണികൾക്കൊപ്പം അധരങ്ങളിലൂടെ മരിയസ്തുതി ഉയരുന്ന പുണ്യമായ ജപമാല മാസത്തിലേക്കാണ് നാം പ്രവേശിക്കുക. ഒക്ടോബർ മാസം ലോകം മുഴുവനും പരിശുദ്ധ അമ്മയുടെ കരംപിടിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന ദിനങ്ങളാണ്. സ്വർഗ്ഗം സന്തോഷിക്കുകയും പരിശുദ്ധ അമ്മ സ്വർഗ്ഗത്തിൽ നിന്ന് കൃപയുടെ നറുമലരുകൾ തന്റെ മക്കളുടെ മേൽ വാത്സല്യത്തോടെ വർഷിക്കുകയും ചെയ്യുന്ന അനുഗ്രഹദായകമായ മാസമാണിത്. പരിശുദ്ധ കുർബാനയും കൂദാശകളും കഴിഞ്ഞാൽ ദൈവകൃപ സമൃദ്ധമായി ലഭ്യമാകുന്ന ഒന്നാണ് ജപമാല പ്രാർത്ഥന. നമ്മുടെ കുടുംബപ്രാർത്ഥനയിലെ പ്രധാന ഘടകങ്ങളിലൊന്നാണിത്. ആൽബിജൻസിയൻ പാഷണ്ഡതയെ പരാജയപ്പെടുത്തുവാൻ വി. ഡൊമിനിക്കിന് പരിശുദ്ധ അമ്മതന്നെ നേരിട്ട് നൽകിയതാണ് ജപമാല പ്രാർത്ഥന. ജപമാല ഭക്തിയുടെ പ്രചാരകനായ അദ്ദേഹത്തിന് ജപമാലയിലൂടെ അനേകം ആത്മാക്കളെ മാനസാന്തരത്തിലേക്ക് നയിക്കുവാൻ സാധിച്ചു.

സുവിശേഷങ്ങളുടെ ആകെത്തുകയാണ് ജപമാല എന്ന് 12-ാം പീയൂസ് പാപ്പ പഠിപ്പിക്കുന്നുണ്ട്. നമ്മുടെ കർത്താവിന്റെ രക്ഷാകര രഹസ്യങ്ങളുടെ ധ്യാനമാണ് ജപമാലയിലൂടെ സാധ്യമാകുന്നത്. ദൈവവചനങ്ങളുടെ ആവർത്തനമാണ് ജപമാല പ്രാർത്ഥന. പിതാവായ ദൈവം ഗബ്രിയേൽ ദൂതൻ വഴി പരിശുദ്ധ അമ്മയെ അഭിവാദനം ചെയ്യുന്നതും, എലിസബത്ത് പരിശുദ്ധാത്മാവു നിറഞ്ഞവളായി മറിയത്തെ സ്തുതിക്കുന്നതുമാണ് ഈ പ്രാർത്ഥനയുടെ കാതൽ. ഈ പ്രാർത്ഥന എപ്രകാരമാണ് പരിശുദ്ധ ത്രിത്വത്തിന് ഉചിതമായി മാറുന്നതെന്ന് വി. മോൺ ഫോർട്ട് വിശദീകരിക്കുന്നുണ്ട്. പരിശുദ്ധ അമ്മയെ നാം ആദരിക്കുമ്പോൾ പിതാവായ ദൈവം മഹത്വപ്പെടും, കാരണം അവിടുത്തെ സൃഷ്ടികളിൽ ഏറ്റവും പൂർണ്ണമായതിനെയാണ് നാം ആദരിക്കുന്നത്. പുത്രനായ ദൈവവും മഹത്വപ്പെടും, എന്തെന്നാൽ അവിടുത്തെ എത്രയും പരിശുദ്ധ അമ്മയെയാണ് നാം ആദരിക്കുന്നത്. പരിശുദ്ധാ

ത്മാവായ ദൈവവും മഹത്വപ്പെടും, കാരണം അവിടുന്ന് തന്റെ മണവാട്ടിയിൽ ചൊരിഞ്ഞ കൃപയുടെ ആരാധനയിൽ നാം മതിമറക്കുകയാണ്.

ഇതുകൊണ്ടൊക്കെതന്നെയാണ് പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെടുന്ന ഇടങ്ങളിലൊക്കെ ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെടുന്നത്. ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ട അമ്മ റഷ്യയുടെ മാനസാന്തരത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. "നിങ്ങൾ ജപമാല ചൊല്ലി പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം സന്തോഷിക്കുകയും ഞാൻ നിങ്ങൾക്കു വേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യും. സാത്താനെതിരെ പോരാടാനുള്ള ആയുധമാണ് ജപമാല. പരിശുദ്ധ അമ്മയുടെ തന്നെ വാക്കുകളാണിവ. വലിയ മരിയഭക്തനായിരുന്ന ജോൺപോൾ രണ്ടാമൻ പാപ്പ ഈ കാലഘട്ടത്തിന്റെ എല്ലാ നാരകീയ ശക്തികളെയും പ്രതിരോധിക്കുവാനും, അവയെ നിർവ്വീര്യമാക്കുവാനും ജപമാലയെന്ന ആയുധം കയ്യിലെടുക്കുവാൻ ആഹ്വാനം ചെയ്തിരുന്നു.

ദൈവകൃപയുടെ ഭണ്ഡാരം തുറന്ന് അവ നമ്മുടെമേൽ ചൊരിയുവാൻ സ്വർഗ്ഗത്തിലെ അമ്മ കാത്തിരിക്കുകയാണ്. ഈ ജപമാലമാസം അതിനായി നമ്മെ ക്ഷണിക്കുകയാണ്. മിക്കവാറും എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാനയുടെ മുമ്പുള്ള ഒരു ക്കസമയം ജപമാല ചൊല്ലി പ്രാർത്ഥിക്കാറുണ്ട്. ഈ ജപമാലമാസം ആ പ്രാർത്ഥനയിലും പങ്കെടുക്കും എന്നു പ്രതിജ്ഞ ചെയ്യാം. അനുദിനം അർപ്പിക്കപ്പെടുന്ന ജപമാല പ്രാർത്ഥനയുടെ സമയം വെട്ടിച്ചുരുക്കി ജപമാലയുടെ ഒരു രഹസ്യം മാത്രം ചൊല്ലി പ്രാർത്ഥന അവസാനിപ്പിക്കുന്ന ശീലങ്ങളോട് വിടപറയാം. പകരം കുടുംബം മുഴുവനും മുട്ടിന്മേൽ നിന്ന് തീക്ഷണതയോടെ ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ തയ്യാറെടുക്കാം. വ്യക്തിപരമായ പ്രാർത്ഥന ദൈവവുമായുള്ള സ്നേഹസംഭാഷണമാണ്. പരിശുദ്ധ അമ്മയുടെ കരം പിടിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുമ്പോൾ ഈ സ്നേഹസംഭാഷണത്തിന്റെ മധുരവും ഫലവും ഇരട്ടിയാവും എന്നോർക്കാം. ജപമാല കരങ്ങളിലേന്തി അമ്മയുടെ മടിത്തട്ടിലിരുന്ന് രക്ഷാകര രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് നമുക്ക് പ്രാർത്ഥിക്കാം. കൃപകളുടെ സമൃദ്ധിയുണ്ടാകട്ടെ....



## അഭിനന്ദനങ്ങൾ

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നിന്നും ഗണിതശാസ്ത്രത്തിൽ പി.എച്ച്.ഡി. നേടിയ ലിനു പിന്റോ. കോട്ടപ്പുറം പടമാടൻ നിർമ്മൽ ജോർജ്ജിന്റെ ഭാര്യയും, കോട്ടപ്പുറം രൂപത സെന്റ് മൈക്കിൾസ് കത്തീഡ്രൽ ഇടവക അംഗവുമാണ്.

ഫാ. അജയ് ഷാജു കൈതത്തറ

**അയൽക്കൂട്ടം**



# e-കൊറോണയും e-കാലവും കടന്നുപോകും

"സുവിശേഷം" എന്ന വാക്കിന്റെ അർത്ഥം നല്ല വാർത്ത എന്നതാണ്. കഴിഞ്ഞ കുറെ നാളുകളായി കൊറോണ നമ്മുടെ കൂടെ കൂടിയിട്ട്. ഈ കാലഘട്ടത്തിനിടയിലും, കാണുന്നവയിലും കേൾക്കുന്നവയിലും നമ്മെ കണ്ടെത്തുക എന്നത് വളരെ ബുദ്ധിമുട്ടേറിയ കാര്യമാണ്. ഒരു കാര്യം ഓർക്കുന്നത് വളരെ നല്ലതാണ്. നമ്മുടെ വീടുകളിലും കാതുകളിലും ഇത്രയേറെ ദൈവവചനം കേട്ട മറ്റൊരു കാലഘട്ടവും ഉണ്ടായിട്ടില്ല.

"ശാന്തമായിരിക്കുക...ദൈവമാണെന്നറിയുക"

ദൈവം നമ്മെ കൈവെടിഞ്ഞു എന്ന് തോന്നുമ്പോൾ മത്തായിയുടെ സുവിശേഷം 27-ാം അദ്ധ്യായം 46-ാം വാക്യം പലപ്പോഴും നാം ഹൃദയവ്യഥയോടെ പറയാറുണ്ട്. "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു?" യേശുവിന്റെ ഏറ്റവും വലിയ വിലാപത്തിന്റെ ഈ വരികളിൽ ആശ്വാസത്തിന്റെ ഒരു നിഗൂഢതയുണ്ട്. ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരുമെന്ന നിലയിൽ നമ്മുടെ പുതിയ ജന്മത്തിന്റെ നവസൃഷ്ടിക്കു വേണ്ടിയുള്ള പേറ്റുനോവിന്റെ വിലാപമാണിത്. വിയറ്റ്നാം മതപീഡന കാലത്ത് പതിമൂന്ന് വർഷം തടവറയിൽ കഴിഞ്ഞ വാൻ ത്വാൻ ക്രിസ്തുവിന്റെ നിലവിളിയുടെ രഹസ്യം വെളിപ്പെടുത്തുന്നത് ഇങ്ങനെയാണ്.

(യേശുവിന്റെ അപാരസ്നേഹം, എല്ലാ കഷ്ടപ്പാടുകളും - നമുക്കു നൽകുന്ന സ്നേഹത്തിന്റെ തോതനുസരിച്ച് അതിജീവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.) നമ്മുടെ സഹനങ്ങളെ ക്രൂശിതന്റെ മുഖത്തോട് നാം ചേർത്ത് വയ്ക്കുമ്പോൾ അവന്റെ വെളിച്ചവും ശക്തിയും സമാധാനവും സ്വന്തം ഹൃദയത്തിൽ അനുഭവിക്കാൻ കൂടി നമുക്കു സാധിക്കുന്നു. അതുകൊണ്ട് കുരിശിലെ നിലവിളി സഹനങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമല്ല, മറിച്ച് ദൈവത്തെ മുറുകെപ്പിടിക്കാനുള്ള ആഹ്വാനമാണ്. ഈ കൊറോണ കാലഘട്ടവും നമ്മോട് പറയുന്നത് ക്രിസ്തുവിൽ നിന്ന് ഓടിയകലാനല്ല, ക്രിസ്തുവിന്റെ കരം പിടിച്ച് ഓടാനാണ്.

# പിതാവിന്റെ ഇടയലേഖനം

## മിഷൻ ഞായർ

ക്രിസ്തുവിൽ പ്രിയ ബഹുമാനപ്പെട്ട വൈദീകരേ, സന്ന്യാസ സഹോദരന്മാരേ, സഹോദരിമാരേ, കുടുംബയൂണിറ്റ് ഭാരവാഹികളെ, പ്രിയ മക്കളെ,

ഈ വർഷം ഒക്ടോബർ 17-ാം തിയ്യതിയാണ് ആഗോള സഭയോട് ചേർന്ന് നാം മിഷൻ ഞായർ ദിനം ആചരിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾക്കു വേണ്ടി നിങ്ങൾ നൽകിയ എല്ലാ സഹായങ്ങൾക്കും സഹകരണങ്ങൾക്കും ഹൃദയംഗമമായി ഞാൻ നന്ദി പറയുന്നു. മിഷൻ ഞായർ ദിനത്തിൽ വളരെ പ്രത്യേകമായി ജീവിതം മുഴുവൻ മിഷൻ പ്രവർത്തനങ്ങൾക്കായി ഉഴിഞ്ഞുവച്ചിട്ടുള്ള എല്ലാവരെയും ഓർത്ത് പ്രാർത്ഥിക്കാം. അതോടൊപ്പം ജ്ഞാനസ്നാന സ്വീകരണം വഴിയായി വ്യക്തി പരമായി വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും സുവിശേഷം പ്രഘോഷിക്കുവാൻ നമുക്ക് ഉത്തരവാദിത്തമുണ്ടെന്നും ഓർക്കാം.

കോവിഡ്-19 മഹാമാരിയുടെ ഭിതി പൂർണ്ണമായും നമ്മുടെ സമൂഹത്തിൽ നിന്നും ഒഴിഞ്ഞിട്ടില്ലെങ്കിലും നമ്മൾ സാവാധാനം സാധാരണ ജീവിതത്തിലേക്ക് കടക്കുകയാണ്. ഇനിയും നമുക്ക് ഈ മഹാമാരിക്കെതിരെ കരുതലുള്ളവരായിരിക്കാം.

മിഷൻ ഞായറിനോടനുബന്ധിച്ച് ഇടവകകളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ ബഹു. വികാരിയച്ചൻമാർ താമസംവിനാ രൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്. കോവിഡ്-19മൂലമുണ്ടായ സാമ്പത്തിക ഞെരുക്കത്തിന്റെ കാലത്തും കഴിഞ്ഞ വർഷം തങ്ങളാൽ ആയ സംഭാവന നല്കിയ നിങ്ങൾക്കെല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു.

ഇതോടൊപ്പം പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയുടെ മിഷൻ ഞായർ സന്ദേശം മിഷൻ ഞായർ ദിനത്തിൽ പള്ളികളിൽ വായിക്കുന്നതിനും ഇടവക മക്കളിലേക്ക് സാമൂഹ്യ മാധ്യമങ്ങൾ വഴിയായി എത്തിച്ചുകൊടുക്കുവാനും അയച്ചു തരുന്നു.

എന്ന്,

കോട്ടപ്പുറം നമ്മുടെ രൂപതാകാര്യാലയത്തിൽ നിന്നും

2021 ഒക്ടോബർ 6-ാം തീയതി

**† ജോസഫ് കാരിക്കശ്ശേരി**

കോട്ടപ്പുറം രൂപത മെത്രാൻ

## ലോകമിഷൻ ഞായർ 2021

ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം

ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതിനെ സംബന്ധിച്ച്

നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല (അപ്പ 4:20).

പ്രിയ സഹോദരീ സഹോദരന്മാരേ,

ദൈവത്തിനുള്ള സ്നേഹത്തിന്റെ ശക്തി നാം അനുഭവിക്കുകയും നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ ഒരു പിതാവ് എന്ന നിലയിൽ അവിടത്തെ സാന്നിധ്യം തിരിച്ചറിയുകയും ചെയ്യുമ്പോൾ നമ്മൾ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി പ്രഘോഷിക്കുകയും പങ്കുവയ്ക്കുകയും ചെയ്യാതിരിക്കാൻ നമുക്കു സാധ്യമല്ല. യേശുവിന് അവിടത്തെ ശിഷ്യരുമായിട്ടുള്ള ബന്ധം, മനുഷ്യാവതാര രഹസ്യത്തിലും അവിടത്തെ സുവിശേഷത്തിലും പെസഹായിലും വെളിപ്പെടുത്തിയ

അവിടത്തെ മനുഷ്യത്വം, മനുഷ്യവർഗത്തെ ദൈവം എത്രമാത്രം സ്നേഹിക്കുന്നുവെന്നും നമ്മുടെ സന്തോഷങ്ങളും സഹനങ്ങളും നമ്മുടെ ആഗ്രഹങ്ങളും ഉത്കണ്ഠകളും അവിടന്ന് തന്റേതാക്കുന്നുവെന്നും കാണിച്ചു തരുന്നു (G.S. 22). ക്രിസ്തുവിലുള്ള സർവകാര്യങ്ങളും നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: നമ്മൾ ജീവിക്കുന്ന ലോകവും വീണ്ടെടുക്കപ്പെടുകയെന്ന അതിന്റെ ആവശ്യവും അവിടത്തേക്ക് അപരിചിതമല്ല. അത് അവിടത്തെ മിഷനിൽ സജീവ ഭാഗഭാഗിത്വം വഹിക്കാൻ നമ്മെ ക്ഷണിക്കുന്നു. "നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം ക്ഷണിക്കുക" (മത്താ 22:9). ആരും അന്യനല്ല. ഒരുവനും അന്യനായിട്ടോ സഹാനുഭൂതിയുടെ ഈ സ്നേഹത്തിൽ നിന്ന് വിദൂരത്തായിട്ടോ തോന്നാനാവുകയില്ല.

**അപ്പോസ്തോലന്മാരുടെ അനുഭവം**

ഓരോ വ്യക്തിയെയും വിളിക്കുകയും അയാൾ എവിടെയായാലും അയാളുമായി ഒരു സൗഹൃദസംവാദം നടത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കർത്താവിനെ വികാരാവേശത്തോടെ അന്വേഷിച്ചുകൊണ്ടാണ് സുവിശേഷവത്കരണത്തിന്റെ ചരിത്രം തുടങ്ങുന്നത് (cf. യോഹ 15: 12-17). അപ്പസ്തോലന്മാരാണ് ഇക്കാര്യം ആദ്യമായി നമ്മോടു പറയുന്നത്. അവർ അവിടത്തെ സമീപിച്ച ദിവസവും സമയവും പോലും ഓർമ്മിച്ചുകൊണ്ട് അവർ അങ്ങനെ ചെയ്യുന്നു. "അപ്പോൾ ഉച്ചകഴിഞ്ഞ് ഏകദേശം പത്താം മണിക്കൂർ ആയിരുന്നു" (യോഹ 1,39). രോഗികളെ ശുശ്രൂഷിക്കുകയും പാപികളോടുകൂടി ഭക്ഷിക്കുകയും ദരിദ്രരെ തീറ്റിപ്പോറ്റുകയും ഭ്രഷ്ടരാക്കപ്പെട്ടവരെ സമീപിക്കുകയും അശുദ്ധിയുള്ളവരെ സ്പർശിക്കുകയും ആവശ്യത്തിൽപ്പെട്ടവരുമായി സ്വയം താദാത്മ്യപ്പെടുത്തുകയും, സൗഭാഗ്യങ്ങളിലേക്കു ക്ഷണിക്കുകയും പുതിയ രീതിയിലും പൂർണ്ണമായ അധികാരത്തോടുകൂടിയും പഠിപ്പിക്കുകയും ചെയ്ത കർത്താവുമായുള്ള സൗഹൃദബന്ധം മായ്ക്കാനാവാത്ത മുദ്ര പതിപ്പിക്കുന്നു. അതാകട്ടെ, അളവറ്റ വിസ്മയത്തെയും വ്യാപകവും സ്വതന്ത്രവുമായ സന്തോഷത്തെയും ഉദ്ദീപിപ്പിക്കാൻ കഴിവുള്ളതാണ്. ജറമിയാ പ്രവാചകൻ പറഞ്ഞതുപോലെ ഈ അനുഭവം നമ്മെ മിഷനിലേക്കു തള്ളിവിടുന്നതും നമ്മുടെ ഹൃദയത്തിലുള്ളതുമായ അവിടത്തെ സജീവ സാന്നിധ്യത്തിന്റെ ജ്വലിക്കുന്ന അഗ്ധിയാണ്. അത് ചിലപ്പോൾ ത്യാഗങ്ങൾ ആവശ്യപ്പെടുന്നതും **തെറ്റിദ്ധാരണകൾക്ക്** ഇടയാക്കുന്നതുമാണെങ്കിലും (യോഹ 20: 7-9). സ്നേഹം എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നു: ഏറ്റവും സുന്ദരവും പ്രത്യാശാപൂർണവുമായ പ്രഘോഷണത്തിലേക്കു നീങ്ങാൻ നമ്മെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. "ഞങ്ങൾ മിശിഹായെ കണ്ടു" (യോഹ 1 : 41) എന്നതാണ് ആ പ്രഘോഷണം.

യേശുവിനോടുകൂടി വ്യത്യസ്തങ്ങളായ കാര്യങ്ങളെ നാം കാണുകയും കേൾക്കുകയും തൊടുകയും ചെയ്തു. അവിടന്ന് ഭാവികാലങ്ങളെ ഇന്ന് ഉദ്ഘാടനം ചെയ്തു കഴിഞ്ഞു. നമ്മുടെ മനുഷ്യ പ്രകൃതിയുടെ സത്താപരമായ ഒരു സവിശേഷതയെ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. അതാകട്ടെ പലപ്പോഴും വിസ്മരിക്കപ്പെട്ടതാണ്. "സ്നേഹത്തിൽ മാത്രം നേടാൻ കഴിയുന്ന പൂർണതയ്ക്കുവേണ്ടിയാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടത്" (ചാക്രിയ ലേഖനം, എല്ലാവരും സഹോദരങ്ങൾ, 68). പ്രാരംഭങ്ങൾക്ക് പ്രചോദനം നല്കാനും സമൂഹങ്ങളെ രൂപപ്പെടുത്താനും കഴിവുള്ള ഒരു വിശ്വാസത്തെ പ്രചോദിപ്പിക്കുന്ന പുതിയകാലം സ്വന്തം ദൗർബല്യത്തെയും മറ്റുള്ളവരെയും കൈകാര്യം ചെയ്യാൻ പഠിക്കുന്ന സ്ത്രീപുരുഷന്മാരെക്കൊണ്ടാണ് തുടങ്ങുന്നത്. അവർ സാഹോദര്യവും സാമൂഹിക സൗഹൃദവും വളർത്തുന്നവരാണ് (ibid. 67). ആദ്യം കർത്താവു നമ്മെ സ്നേഹിച്ചുവെന്നു നന്ദിയോടെ ഓർമ്മിക്കുന്ന ഓരോ സമയത്തും സഭാത്മാക സമൂഹം അതിന്റെ സൗന്ദര്യം പ്രദർശിപ്പിക്കുന്നു (1 യോഹ 4:19). "കർത്താവിന്റെ സ്നേഹപൂർണമായ പ്രത്യേക താത്പര്യം നമ്മെ വിസ്മയിപ്പിക്കുന്നു. അതു സ്വന്തമാക്കാനോ അടിച്ചേല്പിക്കാനോ നമുക്കു സാധ്യമല്ല..... ഈ രീതിയിൽ മാത്രമേ ഔദാര്യത്തിന്റെ സ്വതന്ത്രമായ ആത്മദാനത്തിന്റെ അദ്ഭുതകൃത്യം വർധിക്കുകയുള്ളൂ.

മിഷണറി തീക്ഷ്ണതപോലും ചിന്തിക്കലിന്റെയും കണക്കുകൂട്ടലിന്റെയും ഫലമായി ഒരിക്കലും നേടാനാവുകയില്ല. പരസ്പരം "മിഷന്റെ അവസ്ഥയിൽ" പ്രതിഷ്ഠിക്കുകയെന്നത് കൃതജ്ഞതയുടെ ഒരു വിചിന്തനമാണ്" (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾക്കുള്ള സന്ദേശം, 21 മേയ് 2020).

എന്നിരുന്നാലും കാലനിർണയം എളുപ്പമായിരുന്നില്ല. ആദിമ ക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതം ശത്രുതയുള്ളതും കഠിനവുമായ സാഹചര്യത്തിലാണ് തുടങ്ങിയത്. അരികുകളിലാക്കലിന്റെയും തടവിലാക്കലിന്റെയും കഥകൾ ആന്തരികവും ബാഹ്യവുമായ എതിർപ്പുമായി കൂട്ടിച്ചേർത്തിരുന്നു. അവ കാണുകയും കേൾക്കുകയും ചെയ്തതിനു അത് എതിരായി തോന്നി, നിഷേധിക്കലായിട്ടുപോലും തോന്നി. എന്നാൽ ഇത് പിന്നോട്ടു മാറാനോ അടച്ചുപൂട്ടിയിരിക്കാനോ പ്രേരിപ്പിക്കുന്ന പ്രയാസമോ തടസ്സമോ ആയിത്തീർന്നില്ല. പകരം ഓരോ അസൗകര്യത്തെയും എതിർപ്പിനെയും പ്രയാസത്തെയും മിഷനുവേണ്ടിയുള്ള അവസരമാക്കി. പരിധികളും തടസ്സങ്ങളും കർത്താവിന്റെ പരിശുദ്ധാത്മാവിനെക്കൊണ്ട് എല്ലാറ്റിനെയും എല്ലാവരെയും മയപ്പെടുത്താനുള്ള അനുയോജ്യമായ അവസരങ്ങളായിത്തീർന്നു. വിമോചനം നൽകുന്ന പ്രഘോഷണത്തോട് ബന്ധപ്പെടാതെ നിലകൊള്ളാൻ യാതൊന്നിനും, ഒരു വ്യക്തിക്കും സാധിച്ചില്ല.

അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ ഇതിന്റെയെല്ലാം സജീവ സാക്ഷ്യമുണ്ട്. മിഷണറിമാരായ ശിഷ്യന്മാർ എപ്പോഴും കൈയിൽ വച്ചുകൊണ്ടു നടക്കുന്ന ഒരു ഗ്രന്ഥമാണത്. സുവിശേഷത്തിന്റെ സുഗന്ധം അതു കടന്നുപോകുന്നിടത്ത്, പരിശുദ്ധാത്മാവിനു മാത്രം തരാൻ കഴിയുന്ന സന്തോഷത്തെ പ്രചോദിപ്പിച്ചുകൊണ്ട് എങ്ങനെ വ്യാപിച്ചുവെന്നും പറയുന്ന ഗ്രന്ഥമാണത്. അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകം ക്രിസ്തുവിനോട് ഒട്ടിച്ചേർന്നുകൊണ്ട് പരീക്ഷകളിൽ ജീവിക്കാൻ നമ്മെ പഠിപ്പിക്കുന്നു. "ഏതു സാഹചര്യത്തിലും, പരാജയങ്ങൾ എന്നു തോന്നിക്കുന്നവയുടെ മധ്യത്തിൽ പോലും, ദൈവത്തിനു പ്രവർത്തിക്കാൻ കഴിയുമെന്ന അവബോധം പക്വത പ്രാപിക്കാൻ സഹായിക്കുന്നു. സ്നേഹത്തിനുവേണ്ടി സ്വയം സമർപ്പിക്കുകയും നല്കുകയും ചെയ്യുന്നവർ തീർച്ചയായും ഫലപൂർണരായിക്കും" എന്ന് ഉറപ്പുണ്ട് (യോഹ 15:5) (ആഹ്വാനം സുവിശേഷത്തിന്റെ സന്തോഷം, 279)

നമ്മൾ അങ്ങനെയാണ്: ഇപ്പോഴത്തെ ചരിത്രപരമായ നിമിഷംപോലും എളുപ്പമുള്ളതല്ല. സർവവ്യാപകമായ സാംക്രമിക രോഗത്തിന്റെ അവസ്ഥ അനേകം ജനതകൾ പണ്ടേ സഹിച്ചു കൊണ്ടിരുന്ന വേദനയെയും ഏകാന്തതയെയും ദാരിദ്ര്യത്തെയും അനീതികളെയും ഉയർത്തിക്കാണിക്കുകയും വർധിപ്പിക്കുകയും ചെയ്തു. നമ്മുടെ മിഥ്യയായ സുരക്ഷിതത്വത്തെയും ഛിന്നഭിന്നമാക്കപ്പെടലിനെയും നമ്മെ നിശ്ശബ്ദതയോടെ വലിച്ചുകീറുന്ന ധ്രുവീകരണത്തെയും വെളിവാക്കുകയും ചെയ്തു. ഏറ്റവും ദുർബലരും മുറിവേല്ക്കപ്പെടാവുന്നവരും അവരുടെ ഭംഗുരതയും മുറിവേൽക്കപ്പെടാവുന്ന അവസ്ഥയും കൂടുതലായി അനുഭവിച്ചു. നമ്മൾ അധൈര്യപ്പെടലും താഴ്ത്തപ്പെടലും ക്ഷീണവും അനുഭവിച്ചു. പ്രത്യാശയെ എടുത്തുകളയുന്ന സമാനമായ കയ്പുപോലും നമ്മുടെ കണ്ണുകളെ മൂടി. എന്നാലും ഞങ്ങൾ ഉദ്ഘോഷിക്കുന്നത് "ഞങ്ങളെക്കുറിച്ചല്ല പ്രത്യുത, യേശുക്രിസ്തുവിനെ കർത്താവായും യേശുവിനു വേണ്ടി ഞങ്ങളെ നിങ്ങളുടെ ദാസന്മാരായും ആണ്" (2 കോറി 4:5). ഇതുകൊണ്ടാണ് "അവൻ ഇവിടെയില്ല, അവൻ ഉത്ഥാനം ചെയ്തു" (ലൂക്കാ 24:6) എന്നു നമ്മോടു പറഞ്ഞുകൊണ്ട് ജീവന്റെ വചനം നമ്മുടെ സമൂഹങ്ങളിലും കുടുംബങ്ങളിലും വീണ്ടും മുഴങ്ങുന്നതായും നമ്മുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നതായും നാം കേൾക്കുന്നത്. എല്ലാ നിയതിവാദത്തെയും തകർക്കുന്ന പ്രത്യാശയുടെ വചനമാണത്. സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവർക്ക് ഉറച്ചു നിന്ന് സജീവമായ സഹാനുഭൂതിയുടെ സാധ്യമായ സകല മാർഗങ്ങളും സർഗാത്മകമായി അന്വേഷിക്കാൻ അത്യാവശ്യമായ സ്വാതന്ത്ര്യവും ധീരതയും അതു നല്കുന്നു. ആരെയും വഴിയരുകിൽ ഉപേക്ഷിക്കാത്ത, ദൈവത്തിന്റെ നമ്മോടുള്ള സാമിപ്യത്തിന്റെ 'കൗദാശികത' ആണത്.

സാംക്രമിക രോഗത്തിന്റെ ഇക്കാലത്ത് ആരോഗ്യകരമായ സാമൂഹിക അകലത്തിന്റെ പേരിൽ

ഉദാസീനതയെയും വികാരശൂന്യതയെയും പൊതിഞ്ഞു പിടിക്കാനും നീതിമത്കരിക്കാനുമുള്ള പ്രലോഭനം നേരിടുന്നു. അതുകൊണ്ട്, അത്യാവശ്യമായ അകൽച്ചയെ കണ്ടുമുട്ടാനും ശുശ്രൂഷിക്കാനും വളർത്താനുമുള്ള ഒരു സ്ഥാനമാക്കിത്തീർക്കുകയെന്നത് അടിയന്തരാവശ്യമാണ്. "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത്" (അപ്പ 4:20) നമ്മോടു പുലർത്തപ്പെട്ട കാരുണ്യമാണ്. "സമയവും സമർപ്പണവും വിഭവങ്ങളും നല്കി പരിപോഷിപ്പിക്കേണ്ട ഐക്യദാർഢ്യവും യോജിപ്പും ഉള്ള ഒരു സമൂഹം" (ചാക്രിയ ലേഖനം എല്ലാവരും സഹോദരങ്ങൾ, 36) സൃഷ്ടിക്കാൻ ആവശ്യമായ സംഘാതാവേശം വീണ്ടെടുക്കാൻ നമ്മെ അനുവദിക്കുന്ന ഒരു പരാമർശകേന്ദ്രവും വിശ്വസനീയതയുടെ മാനദണ്ഡവുമായി പരിണമിച്ചിരിക്കുന്നതാണ് ആ കാരുണ്യം.

നമ്മെ അനുദിനം വീണ്ടെടുക്കുന്നതും "എല്ലാം അങ്ങനെ തന്നെ: ഒന്നും മാറാൻ പോകുന്നില്ല" എന്നു പറയുന്ന ഭീരുത്വം നിറഞ്ഞ സംശയവാദത്തിൽ നമ്മെ അടച്ചിടുന്ന ഒഴിവുകഴിവുകളിൽ നിന്ന് നമ്മെ രക്ഷിക്കുന്നതും അവിടത്തെ വചനമാണ്. ഒരു ചോദ്യം നാം നേരിടുന്നുണ്ട്; സുപ്രധാനമായ അനന്തര ഫലമൊന്നും കാണാൻ കഴിയുന്നില്ലെങ്കിൽ എന്റെ സുരക്ഷിതത്വവും, ആശ്വാസവും സുഖങ്ങളും ഞാൻ എന്തിന് ഉപേക്ഷിക്കണം? എന്നാതാണ് ആ ചോദ്യം. അതിനുള്ള ഉത്തരം എപ്പോഴും ഒന്നുതന്നെ. "യേശുക്രിസ്തു പാപത്തെയും മരണത്തെയും കീഴടക്കി, അവിടന്നു ശക്തിപൂർണനാണ്." അവിടന്ന് സത്യമായും ജീവിക്കുന്നു (സുവിശേഷത്തിന്റെ സന്തോഷം, 275). സജീവരായി സാഹോദര്യത്തോടെ ഈ പ്രത്യാശ സൂക്ഷിക്കാനും പങ്കുവയ്ക്കാനും ഇത് നമ്മോട് ആവശ്യപ്പെടുന്നു. ഇന്നത്തെ സാഹചര്യത്തിൽ, ഒരുവനും കർത്താവിനാൽ അഭിഷിതക്കരായ പ്രത്യാശയുടെ മിഷണറിമാരുടെ അടിയന്തരമായ ആവശ്യമുണ്ട്.

അപ്പോസ്തോലന്മാരെയും ആദിമ ക്രിസ്താനികളെയും പോലെ നമ്മളും നമ്മുടെ സർവശക്തിയോടും കൂടി പറയുന്നു: "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തവയെപ്പറ്റി നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധിക്കുകയില്ല" (അപ്പ 4:20). നാം സ്വീകരിച്ചിട്ടുള്ളതെല്ലാം കർത്താവ് ക്രമേണ നമ്മുടെ മേൽ വർഷിച്ചിട്ടുള്ളതാണ്. നാം അവ സൂക്ഷിച്ചുവയ്ക്കുകയും വിലവാങ്ങാതെ മറ്റുള്ളവർക്കു നൽകുകയും ചെയ്യുന്നു. യേശു നല്കുന്ന രക്ഷയെ കാണുകയും ശ്രദ്ധിച്ചു കേൾക്കുകയും സ്പർശിക്കുകയും ചെയ്ത അപ്പസ്തോലന്മാരെപ്പോലെ (1 യോഹ 1: 14) ഇന്ന് നമുക്ക് അനുദിന ജീവിതത്തിന്റെ ചരിത്രത്തിൽ ക്രിസ്തുവിന്റെ സഹനത്തെയും മഹത്ത്വപൂർണമായ ശരീരത്തെയും സ്പർശിക്കാൻ കഴിയും. ഓരോ വ്യക്തിക്കും പ്രത്യാശയും എങ്ങനെ കർത്താവിന്റെ കൂടെ ആയിരിക്കണമെന്ന് അറിയുന്നതിൽ നിന്ന് ഉയരുന്ന സംശയരഹിതമായ വിവരവും പങ്കുവച്ചു കൊടുക്കാനുള്ള ധീരതയും കണ്ടെത്താൻ കഴിയും. ക്രിസ്ത്യാനികളെന്ന നിലയിൽ നമുക്കു മാത്രമായി കർത്താവിനെ സൂക്ഷിക്കാൻ സാധ്യമല്ല. ലോകത്തെ രൂപാന്തപരപ്പെടുത്തലിലും സൃഷ്ടിയുടെ സംരക്ഷിക്കലിലും സഭയുടെ സുവിശേഷവത്കരണ മിഷൻ അതിന്റെ സമഗ്രവും പരസ്യവുമായ മൂല്യത്തെ പ്രകാശിപ്പിക്കുന്നു.

**നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണം**

ഈ വർഷത്തെ ലോക മിഷൻ ദിനത്തിന്റെ പ്രമേയം "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല'' (അപ്പ 4:20) ഇത് നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണമാണ്. നമ്മൾ ഹൃദയത്തിൽ വഹിക്കുന്നതെന്തോ അതിന്റെ "ഉത്തരവാദിത്വം വഹിക്കാനും" അത് സുപ്രസിദ്ധമാക്കാനുമുള്ള ക്ഷണമാണ്. ഈ ദൗത്യം എന്നും സഭയുടെ തനിമയാണ്. എന്നും അങ്ങനെയായിരുന്നുതാനും. "അത് സുവിശേഷവത്കരിക്കാൻ വേണ്ടി നിലനില്ക്കുന്നു" (വിശുദ്ധ പോൾ 6-ാമൻ ആഹ്വാനം, പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം, 14). നമ്മുടെ വിശ്വാസ ജീവിതം വ്യക്തിപരമായ ഏകാന്ത പ്രവാചകത്വവും വിസ്മയിക്കാനും കൃതജ്ഞത പ്രകാശിപ്പിക്കാനുമുള്ള ശക്തിയും നഷ്ടപ്പെടുകയും ചെയ്യുന്നു. ഓരോ വ്യക്തിയിലേക്കും എത്തിച്ചേരുകയും ആശ്ലേഷിക്കുകയും ചെയ്യാൻ കഴിവുള്ള വർധമാനമായ തുറവി അത് അതിന്റെ ചലന ശ്കിതകൊണ്ടുതന്നെ ആവശ്യപ്പെടുന്നുണ്ട്.

ആദിമ ക്രിസ്ത്യാനികൾ വിശിഷ്ടജനങ്ങൾക്കിടയിൽ അടച്ചു പൂട്ടിക്കഴിയാനുള്ള പ്രലോഭനത്തിനു കീഴടങ്ങിയില്ല. അവർ കർത്താവിലേക്കും അവിടന്നു നല്കുന്ന പുതിയ ജീവിതത്തിലേക്കും ആകർഷിക്കപ്പെട്ടു. ജനങ്ങളുടെയിലയിലേക്കു പോകാനും തങ്ങൾ കാണുകയും കേൽക്കുകയും ചെയ്ത "ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു" എന്ന യാഥാർത്ഥ്യത്തിന് സാക്ഷ്യം വഹിക്കാനും വേണ്ടിയാണ് ആ പുതുജീവിതം. തങ്ങളുടെ സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും ഫലം അപരർ ഭക്ഷിക്കുമെന്ന് അറിഞ്ഞുകൊണ്ട് വിതയ്ക്കുന്നവരെപ്പോലെ, ഔദാര്യത്തോടും കൃതജ്ഞതയോടും കുലീനതയോടും കൂടിയാണ് അവർ ഇത് ചെയ്തത്. അതുകൊണ്ട് ഇങ്ങനെ ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. "ഏറ്റവും ദുർബലരും ഏറ്റവും പരിമിതിയുള്ളവരും മുറിവേറ്റവരുമായവർക്കുപ്പോലും തങ്ങളുടെ രീതിയിൽ (മിഷണറിമാർ) ആയിരിക്കാൻ സാധിക്കും. എന്തെന്നാൽ നന്മ പങ്കുവയ്ക്കപ്പെടാൻ നാം എപ്പോഴും അനുവദിക്കണം, അതിനോടൊപ്പം അനേകം ദൗർബല്യങ്ങളുണ്ടെങ്കിലും" (അപ്പസ്തോലിക ആഹ്വാനം, ക്രിസ്തു ജീവിക്കുന്നു. 239)

ഓരോ വർഷവും ഒക്ടോബർ മാസത്തിലെ അവസാനത്തേതിന്റെ തൊട്ടുമുമ്പുള്ള ഞായറാഴ്ച ലോകമിഷൻ ദിനം ആഘോഷിക്കുന്നു. സുവിശേഷത്തിന്റെ ഉദാരതയും സന്തോഷവുമുള്ള അപ്പസ്തോലന്മാരായിരിക്കാനുള്ള നമ്മുടെ മാമ്മോദീസാപരമായ സമർപ്പണത്തെ നവീകരിക്കാൻ സ്വന്തം ജീവിതസാക്ഷ്യം കൊണ്ട് സഹായിക്കുന്ന എല്ലാ ആളുകളെയും അന്ന് കൃതജ്ഞതയോടെ ഓർമ്മിക്കുന്നു. അനുഗ്രഹത്തിനുവേണ്ടി ഏറെ മനുഷ്യർ ദാഹിക്കുന്ന ജനതകളുടെ കോണുകളിലേക്കും നഗരങ്ങളിലേക്കും താമസവും ഭയവും കൂടാതെ സുവിശേഷം എത്തിച്ചേരാൻ വേണ്ടി ജന്മനാടും കുടുംബവും ഉപേക്ഷിച്ച് യാത്ര ചെയ്യാൻ കഴിഞ്ഞവരെ നമുക്ക് സവിശേഷമായി ഓർമ്മിക്കാം.

അവരുടെ മിഷണറി സാക്ഷ്യത്തെപ്പറ്റിയുള്ള **ധ്യാനം** ധീരതയുള്ളവരായിരിക്കാനും "കൊയ്ത്തിനു വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട്" (ലൂക്കാ 10:2) നിർബന്ധ ബുദ്ധിയോടെ പ്രാർത്ഥിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നു. മിഷനിലേക്കുള്ള ദൈവവിളി ഭൂതകാലത്തെ ഒരു കാര്യമോ മറ്റുകാലങ്ങളിലെ റൊമാന്റിക് സ്മരണയോ അല്ലെന്ന് നമുക്ക് അറിവുണ്ട്. ലോകത്തിന്റെ അതിരുകളിലേക്കു പോകാനും സഹാനുഭൂതിയുടെ സന്ദേശവാഹകരും ഉപകരണങ്ങളും ആയിത്തീരാനും കഴിയുന്ന വിധത്തിൽ ദൈവവിളി യാഥാർത്ഥ പ്രണയകഥപോലെ ജീവിക്കാൻ കഴിവുള്ള ഹൃദയങ്ങളെ യേശുവിന് ഇന്ന് ആവശ്യമുണ്ട്. അവിടന്ന് ഈ വിളി എല്ലാവരോടും നടത്തുന്നുണ്ട്- ഒരേ വിധത്തിലല്ലെങ്കിലും. നമ്മുടെയടുത്ത്, നഗരകേന്ദ്രത്തിൽ അല്ലെങ്കിൽ നിങ്ങളുടെ കുടുംബത്തിൽ, പ്രാന്തപ്രദേശങ്ങളുണ്ടെന്ന കാര്യം ഓർമ്മിക്കണം. സ്നേഹത്തിന് സാർവത്രിക തുറവിയുടെ ഒരു വശംകൂടിയുണ്ട്. അത് ഭൂമിശാസ്ത്രപരമല്ല, പിന്നെയോ അസ്തിത്വപരമാണ്. എല്ലായ്പ്പോഴും, പ്രത്യേകിച്ച് സാംക്രമിക രോഗത്തിന്റെ ഇക്കാലത്ത് നമ്മുടെ വലയത്തെ വിപുലീകരിക്കാൻ അനുദിന കഴിവ് വർധിപ്പിക്കുക എന്നത് സുപ്രധാനമാണ്. നമ്മുടെ അടുത്തുള്ളവരാണെങ്കിലും "എന്റെ താത്പര്യങ്ങളുടെ ലോകത്തിന്റെ "ഭാഗമാണെന്ന് സ്വാഭാവികമായി തോന്നാത്തവരിലേക്ക് എത്തിച്ചേരാനാണ് (ചാക്രിയ ലേഖനം, എല്ലാവരും സഹോദരർ, 97) മിഷൻ ജീവിക്കുകയെന്നത് യേശുക്രിസ്തുവിനുള്ള അതേ വികാരം വളർത്താൻ പരിശ്രമിക്കുകയും എന്റെ അടുത്തുള്ളവർ എന്റെ സഹോദരനും സഹോദരിയും ആണെന്ന് അവിടത്തെ പോലെ വിശ്വസിക്കുകയും ചെയ്യുക യെന്നതാണ്. നമ്മുടെ ഹൃദയങ്ങളെ അവിടത്തെ സഹതാപത്തിന്റെ സ്നേഹം ഉണർത്തുകയും നമ്മെ എല്ലാവരെയും മിഷനറി ശിഷ്യന്മാർ ആക്കുകയും ചെയ്യട്ടെ!

ആദ്യത്തെ മിഷ്യനറി ശിഷ്യയായ കന്യകാമറിയം മാമ്മോദീസാ മുങ്ങിയ എല്ലാവരിലും, നമ്മുടെ പ്രദേശങ്ങളിലെ ഉപ്പും പ്രകാശവുമായിരിക്കാനുള്ള ആഗ്രഹം വളർത്തട്ടെ (മത്താ 5:1314)

ഫ്രാൻസിസ് പാപ്പാ

# MISSION SUNDAY COLLECTION - 2020

| NAME OF PARISH | | |
|---|---|---|
| 1. Areepalam, Sacred Heart Church | - | 8,500/- |
| 2. Azhicode, St. Thomas Latin church | - | 5,000/- |
| 3. Chathanad, St. Vincent Ferror Church | - | 4,450/- |
| 4. Kadakkara, Infant Jesus Church | - | 3,500/- |
| 5. Cheriyappilly, St. Antony's Church | - | 10,000/- |
| 6. Chettikkad, St.Antony's Church | - | 33,140/- |
| 7. Cottolongo, St. St.Joseph's Cottolongo | - | 5,000/- |
| 8. Erriyad, Our Lady of Fathima | - | 1,500/- |
| 9. Gothuruth, St.Sebastian's Church | - | 1,20,000/- |
| 10. Kadalvathuruth, Holy Cross Church | - | 4,000/- |
| 11. Kadapuram, Our Lady of Velankanni | - | 8,200/- |
| 12. Kara, Our Lady of Mount Carmel | - | 72,500/- |
| 13. Kedamangalam, St. John Mary Vianny | - | 2 ,500/- |
| 14. Keezhupadam, Our Lady of Good Counsil | - | 20,000/- |
| 15. Kodungallur, St. Thomas Shrine | - | 26,800/- |
| 16. Koottukad, Little Flower Church | - | 90,000/- |
| 17. Kottapuram, St. Michael's Cathedral | - | 1,70,000/- |
| 18. Valiyapanikkanthruth, St. Sebastian's Church | - | 10,001/- |
| 19. Kottuvally, St. Sebastian's Church | - | 45,000/- |
| 20. Krishnankotta, Christ the King Church | - | 25,200/- |
| 21. Kurisinkal, Blessed Virgin Mary Church | - | 25,000/- |

| | | | |
|---|---|---|---|
| 22. | Kuruvilassery, Our Lady of P.S. Church | - | 10,000/- |
| 23. | Madaplathuruth, St. George's Church | - | 20,000/- |
| 24. | Manacherikunnu, St. Paul's Church | - | 6,000/- |
| 25. | Mathilakam, St. Joseph's Latin Church | - | 70,371/- |
| 26. | Cherai, Our Lady of Rosary | - | 15,000/- |
| 27. | Paravur, St. Don Bosco Church | - | 70,780/- |
| 28. | Peechi, St. Joseph's Church | - | 5,000/- |
| 29. | Poyya, St. Sebastain's Church | - | 57,430/- |
| 30. | Thrissur, Sacred Heart Latin Church | - | 1,25,000 |
| 31. | Thuruthipuram St. Francis Assisi Church | - | 51,000/- |
| 32. | Vettilapara Mary Matha Churuch | - | 2,370/- |
| 33. | Sampaloor, St. Francis Xavier Church | - | 53,300/- |

**NAME OF INSTITUTIONS**

| | | | |
|---|---|---|---|
| 1. | Paravoor, Brothers of Cottolengo | - | 1,000/- |
| 2. | Paravoor, Cottolengo Sisters | - | 1,000/- |
| 3. | Thrrissur, St.Joseph's Convent | - | 10,000/- |
| 4. | Kottapuram St.Ann's Convent | - | 10,000/- |
| 5. | Pallipuram, L.F. Convent | - | 2,000/- |
| 6. | Areepalam, S.H. Convent | - | 5,000/- |
| 7. | Kottapuram, St. Ann's C.H.S. | - | 5,000/- |
| 8. | Paravoor, Pratheeksha Convent | - | 3,000/- |
| 9. | Paravoor, Don Bosco Hospital | - | 10,000/- |
| 10. | Vazhikulangara, San Damiano | - | 1,000/- |

# മെത്രാൻമാരുടെ 16-ാമത് സാധാരണ സിനഡിന്റെ രൂപതാതല ഉദ്ഘാടനം

പ്രിയ വൈദീകരെ,

ആഗോള കത്തോലിക്കാ മെത്രാൻ സമിതിയുടെ 16-ാംമത് ഓർഡിനറി അസംബ്ലി 2023 ഒക്ടോബർ മാസത്തിൽ റോമിൽ വച്ച് നടത്തപ്പെടുകയാണ്. "സിനഡാത്മക സഭയ്ക്കായ്: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം" എന്ന വിഷയത്തിൽ നടത്തപ്പെടാൻ പോകുന്ന സിനഡിൽ ലോകം മുഴുവനിലുമുള്ള പ്രദേശിക സഭകളുടെയും വ്യക്തിഗത സഭകളുടെയും ക്രിയാത്മകമായ പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് പ. പിതാവ് ആഹ്വാനം ചെയ്തിട്ടുണ്ട്.

2021 ഒക്ടോബർ 10ന് റോമിൽ സെന്റ് പീറ്റർ ബസലിക്കായിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയുടെ കാർമ്മികത്വത്തിൽ നടത്തപ്പെടുന്ന ദിവ്യബലി മദ്ധ്യേയാണ് സിനഡൽ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കുന്നത്.

ഒക്ടോബർ 17-ാം തീയതി രാവിലെ 6.30ന് കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്ന ദിവ്യബലിയോടു കൂടിയാണ് രൂപതാ തല സിനഡൽ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടക്കുന്നത്. 2021 ഒക്ടോബർ 17ന് ശേഷം സാഹചര്യാനുസരണം ഫൊറോനകളിലും ഇടവകകളിലും വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സിനഡൽ പ്രക്രിയയുടെ ഉദ്ഘാടനം നടത്തപ്പെടേണ്ടതാണ്.

രൂപതാതല സിനഡൽ സമിതിയുടെ രൂപീകരണം, സ്ത്രീ- പുരുഷൻമാർ ഉൾപ്പെടെ അത്മായരുടെയും സന്യസ്തരുടെയും പ്രാതിനിധ്യം ഉറപ്പാക്കി ഫെറോന ഇടവക തലങ്ങളിൽ മതിയായ പങ്കാളിത്തത്തോടെ സമയബന്ധിതമായി നടപ്പാക്കുന്നതാണ്. സിനഡിന്റെ ഒരുക്കരേഖയും പഠനരേഖയും മലയാളത്തിലേക്ക് വിവർത്തനം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. രൂപതാ, ഫെറോന, ഇടവക തലങ്ങളിൽ സിനഡാത്മകതയുടെ ഭാഗമായി നടത്തേണ്ട പഠന ശിബിരങ്ങളെയും മറ്റു കർമ്മ പരിപാടികളെയും കുറിച്ച് വിശദമായ അറിയിപ്പ് താമസം വിന നൽകുന്നതാണ്. സിനഡിന്റെ രൂപതാതല പ്രക്രിയയിൽ പങ്കുചേരാൻ എല്ലാ വിശ്വാസികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

കൂടുതൽ പ്രമാണ രേഖകൾ ഉണ്ടാവുകയല്ല ഈ സിനഡിന്റെ ലക്ഷ്യം; മറിച്ച് സഭയുടെ അന്ത:സത്തയിൽ ആഴപ്പെട്ടുകൊണ്ട് മനുഷ്യരുടെ പ്രതീക്ഷകളെയും സ്വപ്നങ്ങളെയും പൂവണിയിക്കുക, മുറിവുകൾ വച്ച്കെട്ടുക, മനുഷ്യർക്കിടയിൽ ഇരുൾപരത്തുന്ന വിഭാഗികതയുടെ കാർമേഘങ്ങൾക്കുമുകളിൽ സർവ്വ സഹോദര്യത്തിന്റെ സത്യസന്ധവും പരസ്പരം വളർത്തുന്നതുമായ ആഴപ്പെട്ട ബന്ധങ്ങളുടെ ആവിഷ്ക്കാരമായ് മാറുക, ദൈവവചനത്താൽ മനസ്സുകളെ പ്രകാശിപ്പിക്കുകയും ഹൃദയങ്ങളെ ഉജ്ജ്വലിപ്പിക്കുകയും ചെയ്തുകൊണ്ട് സഭയുടെ പൊതു ദൗത്യം നിറവേറ്റാൻ വിശ്വാസികളുടെ കരങ്ങളെ ശക്തിപ്പെടുത്തുക തുടങ്ങിയ ഉന്നതാ ദർശനങ്ങളിലേക്ക് എത്തിചേരാൻ ഒരോ വിശ്വാസിയേയും പ്രാപ്തനാക്കുക എന്നതാണ്.

അപ്പസ്തോലൻമാരുടെ രാജ്ഞിയും സഭയുടെ മാതാവുമായ പരിശുദ്ധ മറിയത്തിന്റെ മദ്ധ്യസ്ഥയിൽ രൂപതാതല സിനഡിന്റെ പ്രവർത്തനങ്ങളെ ദൈവത്തിന് ഭരമേൽപ്പിച്ചുകൊണ്ട്, ഒരു പ്രേഷിത സഭ എന്ന രീതിയിൽ തീർത്ഥാടകരായി സിനഡാത്മകമായി സഭയോടൊത്ത് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് സിനഡിന്റെ പാതയിൽ ഒരുമിച്ച് മുന്നേറാൻ വിവിധ തലങ്ങളിലുള്ള എല്ലാ സഭാ മക്കളേയും പരിശുദ്ധാത്മാവ് പ്രചോദിപ്പിക്കട്ടെ എന്ന് ഈ അവസരത്തിൽ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്ന്,
കോട്ടപ്പുറം നമ്മുടെ രൂപതാകാര്യാലയത്തിൽ നിന്നും
2021 ഒക്ടോബർ 8-ാം തീയതി
† **ജോസഫ് കാരിക്കശ്ശേരി**
കോട്ടപ്പുറം രൂപത മെത്രാൻ

## നിര്യാതനായി




കോട്ടപ്പുറം രൂപതയിലെ സീനിയർ വൈദീകൻ ഫാ.ജോർജ് ഇലഞ്ഞിക്കൽ (80) നിര്യാതനായി. 2016 മുതൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. കോട്ടപ്പുറം രൂപത ചാൻസലർ , രൂപത ആലോചന സമിതി അംഗം, എറണാകുളം ഐഎസ് പ്രസ് മാനേജർ കാക്കനാട് സെന്റ് മൈക്കിൾസ് , പോണേൽ സെൻറ് ഫ്രാൻസിസ് സേവ്യർ , തുരുത്തൂർ സെന്റ് തോമസ് ,ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ, മതിലകം സെന്റ് ജോസഫ് , കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രൽ , പള്ളിപ്പുറം മഞ്ഞുമാത, കൂട്ടുകാട് ലിറ്റിൽ ഫ്ളവർ, ചെറുവൈപ്പ് അമലോത്ഭവമാത, ചാപ്പാറ സെന്റ് ആന്റണീസ് ഇടവകകളിൽ വികാരിയായും കൂനമ്മാവ് സെൻറ് ഫിലോമിനാസ്, തൈക്കൂടം സെൻറ് റാഫേൽസ് പള്ളികളിൽ സഹ വികാരിയായും സേവനം ചെയ്തിട്ടുണ്ട്.

ചാപ്പാറ സെൻറ് ആൻറണീസ് ഇടവകയിൽ പരേതരായ ഇലഞ്ഞിക്കൽ ലേനീസ് - ഫിലോമിന ദമ്പതികളുടെ മകനായി 1941 ഫെബ്രുവരി 9 ന് ജനിച്ചു. എറണാകുളം സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിലും ആലുവ കാർമൽഗിരി, മംഗലപ്പുഴ സെമിനാരികളിലുമായി വൈദീക പരിശീലനം പൂർത്തിയാക്കി. 1968 ഡിസംബർ 19 ന് മംഗലപ്പുഴ സെമിനാരിയിൽ വരാപ്പുഴ ആർച്ച്ബിഷപ്പ് ഡോ. ജോസഫ് അട്ടിപ്പേറ്റിയിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

സഹോദരങ്ങൾ: തോമസ് , ജോസ് , ഇഗ്നേഷ്യസ് , റോയ്, സിസ്റ്റർ മേരി മിൽബർഗ സിടിസി, ലില്ലി, ടെസി

## ഫാ. മൈക്കിൾ തലക്കെട്ടി അന്തരിച്ചു.

എറണാകുളം :വരാപ്പുഴ അതിരൂപത വൈദീകൻ ഫാ. മൈക്കിൾ തലക്കെട്ടി അന്തരിച്ചു .തിരുവനന്തപുരം ലത്തീൻ അതിരൂപതയിലും വരാപ്പുഴ അതിരൂപതയും കോട്ടപ്പുറം രൂപതയിലും സേവനം ചെയ്തിട്ടുണ്ട്. ഭവനരഹിതർക്ക് ആയിരത്തിലധികം വീടുകൾ നിർമ്മിച്ച് നൽകുന്നതിന് നേതൃത്വം കൊടുത്തു. കോട്ടപ്പുറം രൂപതയിൽ പള്ളിപ്പുറം മഞ്ഞു മാത, കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രൽ, തുരുത്തിപ്പുറം സെന്റ് ഫ്രാൻസിസ് അസീസി പള്ളികളിൽ സഹവികാരിയായും മാളപള്ളിപ്പുറം സെന്റ് ആന്റണീസ്, തുരുത്തൂർ സെന്റ് തോമസ് പള്ളികളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. വരാപ്പുഴ അതിരൂപതയിലെ മൂലമ്പിള്ളി, കർത്തേടം, അത്താണി, വെണ്ടുരുത്തി, ചളിക്കവട്ടം, എടത്തല, കുരിശിങ്കൽ വല്ലാർപാടം പള്ളികളിലും സേവനം ചെയ്തിട്ടുണ്ട്. അസുഖത്തെത്തുടർന്ന് കുറച്ചുകാലമായി ആവിലാഭവനിൽ വിശ്രമജീവിതത്തിൽ ആയിരുന്നു.



Rev. Fr. Michael Thalakketty

## ഡോൺ ബോസ്കോയിൽ ഓക്സിജൻ ജനറേറ്റർ സ്ഥാപിച്ചു

പറവൂർ : ഡോൺ ബോസ്കോ ആശുപത്രിയിൽ ഓക്സിജൻ ജനറേറ്റർ സ്ഥാപിച്ചു കോട്ടപ്പുറം ബിഷപ്പ് ഡോ. ജോസഫ് കാരിക്കശ്ശേരി ജനറേറ്റർ ആശീർവ്വദിച്ച് സ്വിച്ച് ഓൺ കർമം നടത്തി .ഡോൺ ബോസ്കോ ആശുപത്രി ഡയറക്ടർ ഫാ. റോക്കി റോബി കളത്തിൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. ഷാബു കുന്നത്തൂർ,



അസിസ്റ്റൻറ് ഡയറക്ടർമാരായ ഫാ. ക്ലോഡിൻ ബിവേര , ഫാ.ഷിബിൻ കൂളിയത്ത്., മെഡിക്കൽ സൂപ്രണ്ട് ഡോ. പൗലോസ് മത്തായി, നഴ്സിങ്ങ് സൂപ്രണ്ട് സിസ്റ്റർ സ്നേഹ ലോറൻസ് എന്നിവർ സന്നിഹിതരായിരുന്നു. മിനിറ്റിൽ 80 ലിറ്റർ നിരക്കിൽ മെഡിക്കൽ ഓക്സിജൻ ഉത്പാദിപ്പിക്കാൻ ശേഷിയുള്ളതാണ് അമേരിക്കൻ സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന ജനറേറ്റർ. കോട്ടപ്പുറം രൂപതാഗംങ്ങളായ ഫാ.ആൻറണി കല്ലറക്കൽ സേവനം ചെയ്യുന്ന ജർമ്മനിയിലെ ലിങ്കൻ ക്യൂൻ മേരീസ് പള്ളിയിൽ നിന്നും ഫാ. നോബി അച്ചാരുപറമ്പിൽ സേവനം ചെയ്യുന്ന ഓസ്ടിയയിലെ മൈനിങ്കൻ സെന്റ് ആഗത്ത, ബ്രേഡറീസ് സെന്റ് എവുസേബിയൂസ് പള്ളികളിൽ നിന്നും സമാഹരിച്ച തുക ഉപയോഗിച്ചാണ് ഓക്സിജൻ ജനറേറ്റർ സ്ഥാപിച്ചത്. ഇതുകൂടാതെ കൊവിഡ് രണ്ടാം തരംഗത്തിന്റെ തീവ്രവ്യാപന സമയത്ത് രണ്ട് വെന്റിലേറ്ററുകളും ഈ ഇടവകകൾ സംഭാവന ചെയ്തിരുന്നു.

## റവ. ഡോ. ജേക്കബ് പ്രസാദ് ജനറൽ എഡിറ്റർ



എറണാകുളം : പാപ്പയുടെ ചാക്രികലേഖനങ്ങളുടെയും മറ്റ് പ്രബോധനങ്ങളുടെയും കത്തോലിക്കാ സഭയുടെ ഔദ്യോഗിക രേഖകളുടെയും മലയാള വിവർത്തകനായും അവയുടെ പ്രസാധനത്തിന്റെ ജനറൽ എഡിറ്ററുമായി പുനലൂർ രൂപതാംഗമായ റവ. ഡോ. ജേക്കബ് പ്രസാദിനെ കേരള കത്തോലിക്കാ മെത്രാൻ സമിതി നിയമിച്ചു. മൂന്നുവർഷത്തേക്കാണ് നിയമനം. റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ബിബ്ലിക്കൽ തിയോളജിയിൽ ലൈസൻഷ്യേറ്റും ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റും കരസ്ഥമാക്കിയിട്ടുണ്ട്. ദീർഘകാലം ആലുവ കാർമ്മൽഗിരി മേജർ സെമിനാരിയിൽ അധ്യാപകനായിരുന്നു. പിന്നീട് സെമിനാരി റെക്ടറായും ആലുവ പൊന്തിഫിക്കൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചു. ഇപ്പോൾ കെസിബിസി ബൈബിൾ റിവിഷൻ കോർ കമ്മറ്റി അംഗമായി പ്രവർത്തിക്കുന്നു.

## ആത്മഹത്യ വിരുദ്ധദിനം ആചരിച്ചു




കോട്ടപ്പുറം : സെപ്റ്റംബർ 10 ലോക ആത്മഹത്യ വിരുദ്ധ ദിനത്തോടാനുബന്ധിച്ച് കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആത്മഹത്യ വിരുദ്ധ ദിനം ആചരിച്ചു. മനുഷ്യരുടെ തന്നെ ഇടപടലുകളാണ് ഒരാളുടെ ജീവിതം മാറ്റി മറിക്കുന്നത് എന്ന സന്ദേശത്തെ മുൻനിർത്തി കിഡ്സ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. വർഗ്ഗീസ് കാട്ടാശ്ശേരി ബോധവൽക്കരണ ക്ലാസ്സ് നയിച്ചു.. പ്രതീക്ഷയുടെ കിരണമായ മെഴുകുതിരികൾ കത്തിച്ച് ക്യാമ്പയിൻ നടത്തുകയും ആത്മഹത്യ വിരുദ്ധ പ്രതിജ്ഞ എടുക്കുകയും ചെയ്തു. കിഡ്സ് സ്റ്റാഫ് അംഗങ്ങളായ സിസ്റ്റർ ജോയ്‌ലറ്റ്, ഗ്രേസി ജോയ്, നക്ഷത്ര എൻ. നായർ, ഇന്റേൺഷിപ് വിദ്യാർത്ഥികൾ എന്നിവർ നേതൃത്വം നൽകി.

# രക്ഷകർക്ക് അഭിനന്ദനപ്രവാഹം



കടക്കര: വള്ളം മറിഞ്ഞ് മരണത്തെ മുഖാഭിമുഖം കണ്ടവർക്ക് രക്ഷകരായ ജോൺസൻ, അഖിൽ, ഷിജു എന്നിവർക്ക് അഭിനന്ദന പ്രവാഹം. പുളിങ്ങനാട് ഭാഗത്ത് ചാത്തനാട് വീരൻപുഴയിൽ മീൻ പിടിക്കാൻ പോയ സന്തോഷ്, സിജി, രാജീവ് എന്നിവർ യാത്ര ചെയ്തിരുന്ന വള്ളം മറിഞ്ഞു. ജോൺസനും അഖിലും ഷിജുവും ചേർന്ന് ഉടൻ വഞ്ചിയെടുത്ത് പുഴയുടെ മധ്യഭാഗത്തുള്ള അപകടസ്ഥലത്ത് എത്തി. സന്തോഷിനെയും സിജിയെയും വള്ളത്തിൽപിടിച്ചു കയറ്റി രക്ഷിച്ച് കരയ്ക്കെത്തിച്ചു. രാജീവിനെ കരയ്ക്കെത്തിച്ചെങ്കിലും രക്ഷിക്കാനാവാത്തതിന്റെ മനോവിഷമത്തിലാണ് ഈ മൂവർ സംഘം . ജോൺസനും അഖിലും മത്സ്യത്തൊഴിലാളികളും ഷിജു നിർമാണത്തൊഴിലാളിയുമാണ്. ജോൺസൻ കടക്കര ഉണ്ണിമിശിഹ പള്ളി അംഗമാണ്.

# ചാലക്കുടിയിലെ ഡിജിറ്റൽ മാഗസിൻ ശ്രദ്ധേയമാകുന്നു




ചാലക്കുടി : തിരുകുടുംബ ദൈവാലയം പുറത്തിറക്കിയ ഡിജിറ്റൽ മാഗസിൻ 'ലൂച്ചെ സാക്ര' ശ്രദ്ധേയമാകുന്നു. മതബോധന യൂണിറ്റിന്റെ ആഭിമുഖ്യത്തിലായിരുന്നു പ്രസിദ്ധീകരണം. കൊവിഡ് കാലത്തെ അതിജീവനത്തിന്റെ നേർകാഴ്ചകളുടെ വേറിട്ട അനുഭവമാണ് ഈ ഡിജിറ്റൽ മാഗസിനെന്ന് വികാരി ഫാ.ജോൺസൻ റോച്ച പറഞ്ഞു. മുൻപും വേറിട്ട പ്രവർത്തനങ്ങളിലൂടെ ചാലക്കുടി മതബോധന യൂണിറ്റ് ശ്രദ്ധേയമായിട്ടുണ്ട്. ചാലക്കുടി തിരുകുടുംബ ദൈവാലയത്തിന്റെ ആഭിമുഖ്യത്തിൽ ഒരുക്കിയ Digital Magazine *Lucè Sacra* നിങ്ങൾക്കായി സമർപ്പിക്കുന്നു. എല്ലാവരെയും Link open ചെയ്തു Magazine കാണുവാൻ ക്ഷണിക്കുന്നു, വീഡിയോകൾ കാണുന്നതിന് Icon Click ചെയ്യുക. ഓരോ പേജിന്റെയും വലതു ഭാഗത്ത് (താഴെ) Tap ചെയ്താൽ അടുത്ത പേജിലേക്ക് പ്രവേശിക്കാൻ സാധിക്കും (പുസ്തക താളുകൾ മറിക്കുന്നത് പോലെ)



# വീടുകളുടെ താക്കോൽ കൈമാറി

കോട്ടപ്പുറം : കിഡ്സും ഹാബിറ്റാറ്റ് ഫോർ ഹ്യുമാനിറ്റി ഇന്ത്യയും പുനർജനി പദ്ധതിയുടെ ഭാഗമായി ആറ് വീടുകളുടെ താക്കോൽ കൈമാറി. താക്കോൽദാനകർമ്മം പ്രതിപക്ഷ നേതാവ് അഡ്വ. വി.ഡി. സതീശൻ നിർവഹിച്ചു. ഹാബിറ്റാറ്റ് ഫോർ ഹ്യുമാനിറ്റി ഓഫ് ഇന്ത്യ അസിസ്റ്റന്റ് മാനേജർ പ്രവീൺ പോൾ, കോട്ടപ്പുറം കിഡ്സ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. വർഗീസ് കാട്ടാശ്ശേരി എന്നിവർ സന്നിഹിതരായിരുന്നു. കൈതാരം, ഏഴിക്കര , തുരുത്തിപ്പുറം, ഇളന്തിക്കര, വെളോട്ടുംപുറം എന്നീ മേഖലകളിലെ കുടുംബങ്ങൾക്കാണ് വീടുകൾ കൈമാറിയത്.

# മേത്തലയിൽ ഉന്നതവിജയം നേടിയവരെ ആദരിച്ചു

മേത്തല : സെന്റ് ജൂഡ് പള്ളിയിൽ എസ്എസ്എൽസി , പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ ക്യാഷ് അവാർഡുകൾ നല്കി ആദരിച്ചു. പ്രീസ്റ്റ്- ഇൻ - ചാർജ് ഫാ.ജോസഫ് ഒളാട്ടുപുറം ക്യാഷ്



അവാർഡുകൾ വിതരണം ചെയ്തു. എസ്എസ്എൽസി പ്ലസ്ടു പരീക്ഷകളിൽ ഏഴു പേർ വീതമാണ് ഉന്നത വിജയം നേടി ക്യാഷ് അവാർഡിന് അർഹരായത്. വിവാഹത്തിന്റെ 37-ാം വാർഷിക മാഘോഷിക്കുന്ന മതബോധന പ്രധാനാധ്യാപിക ലാനി സ്റ്റീഫൻ ക്യാഷ് അവാർഡ് സ്പോൺസർ ചെയ്തു.

## കോട്ടുവള്ളിയിൽ വാക്സിനേഷൻ ക്യാമ്പ് നടത്തി



കോട്ടുവള്ളി : സെന്റ് സെബാസ്റ്റ്യൻസ് പള്ളി ഡോൺ ബോസ്കോ ആശുപത്രിയുമായി സഹകരിച്ച് കോവിഡ് വാക്സിനേഷൻ ക്യാമ്പ് നടത്തി. വികാരി ഫാ. ഫ്രാൻസിസ് റാഫേൽ കൈതത്തറ ഉദ്ഘാടനം ചെയ്തു.കോട്ടുവള്ളി സെന്റ്. ലൂയീസ് എൽ.പി. സ്കൂളിൽ നടന്ന കൊവിഷീൽഡ് വാക്സിനേഷൻ ക്യാമ്പിൽ എൺപതോളം പേർ സൗജന്യമായി വാക്സിൻ സ്വീകരിച്ചു. ഇടവക കുടുംബ യൂണിറ്റ് കേന്ദ്രസമിതി പ്രസിഡന്റ് ഇ. ടി. ജോർജ്, സെക്രട്ടറി പ്രസാദ് ജോസഫ്, ഖജാൻജി സെബാസ്റ്റ്യൻ കെ. എ, ജോയിന്റ് സെക്രട്ടറി ലിയ ജില്ലറ്റ്, ബ്ലോക്ക് ലീഡർ പ്രിൻസ് പള്ളിപ്പറമ്പിൽ എന്നിവർ നേതൃത്വം നൽകി. ജോസ് പി. ബേബി, നീതു കെ.ജെ എന്നിവർ കോ-ഓർഡിനേറ്റർമാരും ലിജോ എബി വാക്സിനേറ്ററുമായിരുന്നു

## മേത്തലയിൽ അത്യപൂർവ്വ വിവാഹാശിർവ്വാദം



മേത്തല : സെന്റ് ജൂഡ് പള്ളിയിൽ നടന്ന അത്യപൂർവ്വ വിവാഹാശീർവ്വാദം ശ്രദ്ധേയമായി. സംസാരിക്കാനും കേൾക്കാനും കഴിയാത്ത വരന്റെയും വധുവിന്റെയും വിവാഹം അവരുടെ ആംഗ്യ ഭാഷ അറിയുന്ന വൈദീകൻ ആശീർവ്വദിച്ചു. വരൻ സെന്റ് ജൂഡ് ഇടവകാംഗം അവിട്ടം പിള്ളി ആന്റണി നിക്സനും വധു കൊച്ചി മുണ്ടംവേലി സാൻതോം ഇടവകാംഗം കാളിയത്ത് ഡോണയുമായിരുന്നു. കോട്ടയത്തു നിന്നുള്ള ഫാ.ബിജു മൂലക്കരയായിരുന്നു ആംഗ്യ ഭാഷയിൽ വിവാഹാശീർവ്വാദം നടത്തിയത്. ഫാ.സോജൻ തോപ്പിൽ ദിവ്യബലിക്ക് മുഖ്യ കാർമികനായി. ഫാ.ജോസഫ് ഒളാട്ടുപുറമടക്കം അനേകർ വധൂവരന്മാർക്ക് ആശംസകൾ നേർന്നു.

## കീഴുപ്പാടം കെ.സി.വൈ.എം.അഗതിമന്ദിരം സന്ദർശിച്ചു

അന്തേവാസികൾക്കുള്ള ഭക്ഷണവും നിത്യോപയോഗ സാധനങ്ങളും, ഭക്ഷണപഥാർത്ഥങ്ങളും സിസ്റ്റേഴ്സിനു കൈമാറി. വികാരി ഫാ. ജാക്സൻ വലിയപറമ്പിലിന്റെ പ്രോത്സാഹനമാണ് യുവജനങ്ങൾ പ്രചോദനമായത്. കോവിഡ് കാലമായതിനാൽ അന്തേവാസികളുമായി സംസാരിക്കാനും ഇടപഴകാനും യുവജനങ്ങൾക്ക് സാധിച്ചില്ല.



# കിഡ്സിൽ അദ്ധ്യാപക ദിനാചരണം നടത്തി



കോട്ടപ്പുറം: കിഡ്സിന്റെ നേതൃത്വത്തിൽ കുട്ടികളുടെ കൂട്ടായ്മയായ പൂമൊട്ടുകൾ ഓൺലൈൻ വഴി അധ്യാപക ദിനാചരണം നടത്തി. ഇതോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ കിഡ്സ് ഡയറക്ടർ ഫാ. പോൾ തോമസ് കളത്തിൽ അധ്യക്ഷത വഹിച്ചു. കിഡ്സ് അസിസ്റ്റൻറ് ഡയറക്ടർമാരായ ഫാ. നീൽ ചടയംമുറി, ഫാ. വർഗ്ഗീസ് കാട്ടാശ്ശേരി, പൂമൊട്ട് കോ-ഓഡിനേറ്റർ കാർമലി എന്നിവർ പ്രസംഗിച്ചു. അധ്യാപകനും കുട്ടികളും തമ്മിലുള്ള മൂല്യവത്തായ ബന്ധത്തെപ്പറ്റി കിഡ്സിലെ ഇന്റേൺഷിപ്പ് ട്രെയിനി ഗോപിക ക്ലാസ്സെടുത്തു. കുട്ടികളുടെ കലാപരിപാടികളും നടന്നു.

# കെ.സി.വൈ.എം. ഭിന്നശേഷിക്കാർക്കുള്ള സ്ഥാപനം സന്ദർശിച്ചു.



പള്ളിത്താഴം : കെസിവൈഎം കോട്ടപ്പുറം രൂപത സമിതി അംഗങ്ങൾ കൊത്തലംഗോ ബ്രദേഴ്സ് നടത്തുന്ന ഭിന്നശേഷിക്കാർക്കുള്ള ലൂയിജി സെന്റർ സന്ദർശിച്ചു. വി.മദർ തെരേസ അനുസ്മരണവുമായി ബന്ധപ്പെട്ടായിരുന്നു സന്ദർശനം. ലൂയിജി സെന്ററിന്റെ സുപ്പീരിയർ ബ്രദർ ആന്റണിക്ക് കെസിവൈഎം സ്നേഹസഹായം കൈമാറി. കെസിവൈഎം കോട്ടപ്പുറം രൂപത ഡയറക്ടർ ഫാ.ആന്റൺ ഇലഞ്ഞിക്കൽ, പ്രസിഡന്റ് പോൾ ജോസ്, ജനറൽ സെക്രട്ടറി സനൽ സാബു, ട്രഷറർ ജെൻസൻ ആൽബി, ഫോറം കൺവീനർമാരായ ഹയസെലിൻ, ആമോസ് പള്ളിത്താഴം കൊത്തലംഗോ പള്ളി വികാരി ഫാ. റെക്സൺ പിന്റോ, യൂണിറ്റ് ഭാരവാഹികളായ അരുൺ ജോസ്, ജോബിൻ ജോർജ്, വിനയ് ജോൺ, സെബിൻ എന്നിവരും സന്നിഹിതരായിരുന്നു.

# മോൺ അംബ്രോസ് അറക്കൽ ദിവംഗതനായി



എറണാകുളം : വരാപ്പുഴ അതിരൂപതയിലെ മുതിർന്ന വൈദീകൻ മോൺ. അംബ്രോസ് അറക്കൽ (89) ദിവംഗതനായി. 2007 മുതൽ ചെമ്പുമുക്ക് ആവിലാഭവനിൽ വിശ്രമജീവിതത്തിലായിരുന്നു. ചാത്യാത്ത്, പള്ളിപ്പുറം, മൂത്തേടം ഇടവകകളിൽ സഹവികാരിയായും ഗോതുരുത്ത്, മടപ്ലാതുരുത്ത്, ചെട്ടിക്കാട്, പനങ്ങാട്, പൊറ്റക്കുഴി, പോണേൽ, കർത്തേടം, തോട്ടക്കാട്ടുകര, പെരുമ്പിള്ളി ഇടവകകളിൽ വികാരിയായും വരാപ്പുഴ അതിരൂപത മതബോധന വിഭാഗം ഡയറക്ടറായും സേവനം ചെയ്തിട്ടുണ്ട്. 1932 ഏപ്രിൽ 28 ന് വാടേൽ സെന്റ്.ജോർജ് ഇടവകയിൽ അറക്കൽ വറീത് - ത്രേസ്യ ദമ്പതികളുടെ മകനായി ജനിച്ചു.1959 മാർച്ച് 12 ന് വൈദീകനായി. 2009 ൽ പേപ്പൽ ചാപ്ലൈൻ എന്ന മോൺസിഞ്ഞോർ സ്ഥാനം നൽകി പരിശുദ്ധ പാപ്പ അദ്ദേഹത്തെ ആദരിച്ചു.

# ജപമാലയിൽ KCYM യൂണിറ്റ് ആരംഭിച്ചു



തുരുത്തിപ്പുറം : ജപമാല രാജ്ഞി പള്ളിയിൽ കെസിവൈഎം യൂണിറ്റ് ആരംഭിച്ചു . യൂണിറ്റിന്റെ ഉദ്ഘാടനം കെസിവൈഎം കോട്ടപ്പുറം രൂപത ഡയറക്ടർ ഫാ. ആന്റൺ ഇലഞ്ഞിക്കൽ നിർവഹിച്ചു.ഇതോടനുബന്ധിച്ചു നടന്ന ദിവ്യബലിക്ക് ഫാ. ആന്റൺ മുഖ്യകാർമികത്വം വഹിച്ചു. ദിവ്യബലിക്കുശേഷം കെസിവൈഎം പതാക ഉയർത്തി. തുടർന്നു നടന്ന യോഗത്തിൽ രൂപതാ പ്രസിഡൻറ് പോൾ ജോസ് കെ.സി.വൈ.എം. സംഘടനയെക്കുറിച്ച് ഉദ്ബോധിപ്പിച്ചു. വികാരി ഫാ. ജോസ് മാളിയേക്കലിന് കെ.സി.വൈ.എം.ന്റെ അഫിലിയേഷൻ സർട്ടിഫിക്കറ്റ് , നിയമാവലി, പതാക, മെമ്പർഷിപ്പ് ഫോം എന്നിവ കൈമാറി. സനൽ സാബു, ജെൻസൻ ആൽബി എന്നിവർ നേതൃത്വം നൽകി.



പ്രോലൈഫ്മാരി മൂന്നാം വർഷത്തിലേക്ക്
ഇനി ഈ ചിത്രങ്ങൾ സംസാരിക്കും!
Download Mobile App: tinyurl.com/ prolifemarry
ProLifeMarry.com
A venture of KCBC Malabar Prolife
സ്ത്രീകൾക്ക് സൗജന്യം
പുരുഷന്മാർക്ക് 500 രൂപ മാത്രം
www.ProlifeMarry.com
85909 90889 | 623 544 5544
KCBC മലബാർ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വൈദികരുടെ
മേൽനോട്ടത്തിലുള്ള ക്രിസ്ത്യൻ മാട്രിമോണിയൽ സർവീസ്